17
2025
ജൂൺ
ചൊവ്വ
മിഥുനം 3

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.164 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-164 പേജ് 4. വില 2.00 രൂപ




02 സംസ്ഥാനത്ത് അതിശക്തമായ മഴ തുടരും
03 പശ്ചിമേഷ്യ കത്തുന്നു; ആക്രമണം തുടർന്ന് ഇസ്രയേലും ഇറാനും
04 അയൽവാസിയായ യുവതിയെ കൊന്നു കുഴിച്ചുമൂടി; പ്രതി പിടിയിൽ

# കടൽക്ഷോഭം രൂക്ഷം

തിരുവനന്തപുരം : ജില്ലയിൽ മഴ തുടുന്നു. കനത്ത മഴയിൽ തീരദേശത്ത് വ്യാപക നാശനഷ്ടം. കടൽക്ഷോഭത്തിൽ ഒരു വീട് പൂർണമായും തകർന്നു. രണ്ട് വീട് ഭാഗികമായി തകർന്നു. എഴുപത്തിയഞ്ചോളം വീടുകൾ ഭീഷണിയിലാണ്. പൂർണമായും തകർന്ന റീറ്റാ ആൽബിയുടെ വീട്ടിൽ ആൾതാമസമില്ലായിരുന്നു. കഴിഞ്ഞ വർഷത്തെ ചുഴലിക്കാറ്റിൽ വീടിന് നാശമുണ്ടായപ്പോൾ കുടുംബം മാറി താമസിച്ചിരുന്നു. വെട്ടുകാട് ഭാഗത്ത് 25ഉം കണ്ണാന്തറ ഭാഗത്ത് അമ്പതോളം വീടുമാണ് ഭീഷണി നേരിടുന്നത്. വെട്ടുകാട് ഹയർ സെക്കൻഡറി സ്കൂളിന് സമീപത്തെ വീടിന്റെ പിൻഭാഗവും തകർന്നു. ശക്തമായ കാറ്റിൽ പെരുമാതുറയിൽ വീടിന്റെ മേൽക്കൂര റോഡിലേക്ക് വീണു. ആർക്കും പരിക്കില്ല. അഗ്നിരക്ഷാസേനയെത്തി മേൽക്കൂരയുടെ ഭാഗങ്ങൾ മാറ്റിയശേഷമാണ് ഗതാഗതം പുനഃസ്ഥാപിച്ചത് . തുമ്പ, ആറാട്ടുവഴി, പുത്തൻതോപ്പ്, സെന്റ് ആൻഡ്രൂസ്, വർക്കല കടൽത്തീരങ്ങളും പ്രക്ഷുബ്ധമാണ് . മലയോരത്തും കനത്ത മഴ തുടരുകയാണ്. 24 മണിക്കൂറിനുള്ളിൽ 46.56 മി.മീറ്റർ മഴ പെയ്തു. കാട്ടാക്കടയിൽ ഒരു വീട് ഭാഗികമായി തകർന്നു. ജില്ലയിൽ മൂന്ന് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 20 കുടുംബത്തിലെ 50 പേരെ വിവിധ ക്യാമ്പുകളിലേക്ക് മാറ്റി. കേന്ദ്ര കാലാവസ്ഥാ വകുപ്പ് തിങ്കളാഴ്ച മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. നദികളിൽ ജലനിരപ്പ് ഉയരുന്നുണ്ട്. പേപ്പാറ ഡാമിന്റെ നാല് ഷട്ടർ 10 സെന്റീമീറ്റർ വീതവും അരുവിക്കര ഡാമിന്റെ അഞ്ച് ഷട്ടർ 250 സെന്റിമീറ്റർ വീതവും ഉയർത്തി. നെയ്യാർ ഡാമിന്റെ ഷട്ടറുകൾ 160 സെന്റിമീറ്റർ ഉയർത്തിയിട്ടുണ്ട്.



വെട്ടുകാട് മുക്കോണുവിളാകം ഭാഗത്ത് വീട് കടലെടുത്തപ്പോൾ

ഡാമുകളുടെ സമീപപ്രദേശങ്ങളിൽ ഉള്ളവർ ജാഗ്രത പാലിക്കണം. താലൂക്ക്, ജില്ലാ കൺട്രോൾ റൂമുകൾ ആരംഭിച്ചു. അപകടസാധ്യത മുന്നിൽ കാണുന്ന ഘട്ടത്തിൽ 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാം.

# ലത്തീൻ അതിരൂപതയുടെ ക്രാന്തദർശി: ബിഷപ്പ് പീറ്റർ ബർണർഡ് പെരേര



ബിഷപ്പ് പീറ്റർബർണാർഡ് പെരേര

ബിഷപ്പിന്റെ സ്മരണക്കായി ഉചിതമായ സ്മാരകം ഉണ്ടാവണമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത ആവിശ്യപ്പെട്ടു.

തിരു: ഇന്ന് മരിയനാട് ഇടവകയിൽ രാവിലെ ദിവ്യബലിക്ക് ശേഷം ബിഷപ്പിന് (പീറ്റർ ബെർണർഡ് പെരേര) വേണ്ടി പ്രത്യേക പ്രാർത്ഥന അർപ്പിക്കുകയുണ്ടായി. ബിഷപ്പ് മരിയനാടിനും രൂപതയ്ക്ക് മുഴുവനുമായി ചെയ്ത ഓരോ കാര്യങ്ങളും എണ്ണി എണ്ണി ഇടവക വികാരി പറഞ്ഞു. ഒരുപാട് സന്തോഷം തോന്നി. നല്ലതുപോലെ ഓർത്തെടുത്ത് പ്രാർത്ഥിച്ചു. നേർച്ചയായി ബണ്ണു മൊക്കെ നൽകി. അച്ചനോട് പ്രത്യേക സ്നേഹം. .

തിരുവനന്തപുരം രൂപതയുടെ രണ്ടാമത്തെയും, തദ്ദേശിയനും, രണ്ടാം വത്തിക്കാൻ സുനഹദോസ്സിൽ പങ്കെടുത്ത, ചരിത്ര പ്രധാനമായ വിമോചന സമരം നയിച്ച, ഇന്നത്തെ കടഞ്ചര യ്ക്ക് തുടക്കം കുറിച്ച തുമ്പ റോക്കറ്റ് സ്റ്റേഷന് കാരണഭൂതനൊക്കെയായ മെത്രാൻ . പുരോഗമനപരവും, വിപ്ലവാത്മകവും, ധീരവുമായ പല പരീക്ഷണങ്ങൾ (മരിയനാട് ആളില്ലാത്തുറ കുടിയേറ്റ പദ്ധതി, തിരുവനന്തപുരം സാമൂഹിക ശുശ്രൂഷ സൊസൈറ്റി (ഠടടട), പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ഓർഗനൈ ശേഷൻ (ജഇഛ) തുടങ്ങി സമൂഹത്തിൽ സമൂലവും സാരവുമായ പരിവർത്തനങ്ങൾ സൃഷ്ടിച്ച പല സംരംഭങ്ങളും തുടങ്ങി വച്ച ക്രാന്ത ദർശിയും സമുദായ സ്നേഹിയും മിഷൻ തീക്ഷണത നിറഞ്ഞവനുമായ ഇടയനുമായിരുന്നദ്ദേഹം. . .

അദ്ദേഹത്തിന് അർഹമായ, അനുയോജ്യമായ ഒരു സ്മാരകം ഉണ്ടാക്കുവാൻ കഴിയാതെ പോയത് നമ്മുടെ ദൗർഭാഗ്യമാണ്, ദരിദ്രാവസ്ഥയാണ്. . .

ഈ വൈകിയ വേളയിലെങ്കിലും എന്തുകൊണ്ട് നമുക്കതിന് ശ്രമിച്ചുകൂടാ അതിന് അനുയോജ്യമായ ഒരു സംഗതിയുണ്ട്.

അതായത്, ആൾ സെയ്ന്റ്സ് മുതൽ ഢടടഇ യുടെ ഠള്ളഞഘട വരെയുള്ള റോഡ് അദ്ദേഹത്തിന്റെ പേരിലാക്കുവാൻ എന്തുകൊണ്ട് നാം ശ്രമിച്ചുകൂടാ

നമുക്ക് ഇതൊരു ബഹുജന ആവശ്യമായി, പ്രസ്ഥാനമായി തുടങ്ങാം, അതിനെ യാഥാർത്ഥ്യമാക്കാം, അദ്ദേഹത്തിന്റെ പേര്, നമ്മുടെ സമുദായത്തിന്റെ സാമുദായിക സംഭാവനകൾ അതിലൂടെ അനശ്വരമാകട്ടെ.

# ഇറാൻ ഇസ്രയേൽ യുദ്ധം വിനാശത്തിലേക്ക്

ടെഹ്റാൻ: ഇറാന്റെ ദേശീയ ടെലിവിഷനായ ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ ബ്രോഡ്കാസ്റ്റിങ് (ഐആർഐബി) ആസ്ഥാനത്ത് ഇസ്രയേൽ ബോംബിട്ടു. തത്സമയം സംപ്രേക്ഷണത്തിനിടെയായിരുന്നു ആക്രമണം. ആക്രമണത്തെ തുടർന്ന് കെട്ടിടം ഇടിഞ്ഞുവീഴുന്നതും അവതാരക കസേരയിൽനിന്ന് എഴുന്നേറ്റോടുന്നതും ദൃശ്യത്തിൽ കാണാം. ആക്രമണം നടന്നതായി ഇറാൻ സ്ഥിരീകരിക്കുകയും ചെയ്തു.

ഇറാൻ തലസ്ഥാനമായ ടെഹ്റാനിലെ ഐആർഐബിയുടെ ആസ്ഥാനത്താണ് ആക്രമണം നടന്നത്. ബോംബിടുകയായിരുന്നുവെന്നാണ് ഇസ്രേയൽ വ്യോമസേന അറിയിച്ചിട്ടുള്ളത്. ആക്രമണത്തെ തുടർന്ന് ഐആർഐബി ന്യൂസ് നെറ്റ്വർക്കിൽ തത്സമയ പരിപാടികൾ താൽക്കാലികമായി നിർത്തിവച്ചെങ്കിലും കുറച്ച് മിനിറ്റുകൾക്ക് ശേഷം സാധാരണ നിലയിലായി. ആക്രമണ സമയത്ത് ലൈവിലുണ്ടായിരുന്ന വാർത്താ അവതാരക സഹർ ഇമാമി വീണ്ടും മറ്റൊരു സ്റ്റുഡിയോയിൽനിന്ന് തത്സമയ സംപ്രേക്ഷത്തിലേക്കെത്തുകയും ചെയ്തു. ഐആർഐബിയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന ടെഹ്റാനിലെ മേഖലയിൽനിന്ന് ആളുകളോട് ഒഴിഞ്ഞുപോകാനുള്ള മുന്നറിയിപ്പ് നേരത്തെ ഇസ്രയേൽ പ്രതിരോധ സേന നൽകിയിരുന്നു. ഇറാന്റെ പ്രചാരണത്തിന്റെയും പ്രകോപനത്തിന്റെയും മുഖപത്രം അപ്രത്യക്ഷമാകാൻ പോകുന്നു' എന്ന് ആക്രമണം സംബന്ധിച്ച് ഇസ്രയേൽ പ്രതിരോധ മന്ത്രി ഇസ്രായേൽ കാറ്റ്സ് പറഞ്ഞു.



# നിലമ്പൂർ കൊട്ടിക്കലാശം നാളെ

മലപ്പുറം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ചൊവ്വാഴ്ച വൈകുന്നേരം ആറിന് അവസാനിക്കും. കൊട്ടിക്കലാശത്തിന്റെ ഭാഗമായി സംഗീത പരിപാടികളോ മറ്റു വിനോദ പരിപാടികളോ സംഘടിപ്പിക്കുന്നതിന് വിലക്കുണ്ട്.

പരസ്യപ്രചാരണം അവസാനിച്ച് കഴിഞ്ഞാലുടൻ മണ്ഡലത്തിനു പുറത്ത് നിന്നെത്തിയ മുഴുവൻ ആളുകളും പുറത്തുപോകണമെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചു. ഉപതെരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ കമ്മീഷനിംഗ് പ്രക്രിയ പൂർത്തിയായി.

പി. വി. അൻവർ എംഎൽഎ സ്ഥാനം രാജിവച്ചതോടെയാണ് നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്. യുഡിഎഫിനായി ആര്യാടൻ ഷൗക്കത്തും, എൽഡിഎഫിനായി എം. സ്വരാജും, എൻഡിഎ!യ്ക്കായി മോഹൻ ജോർജും, സ്വതന്ത്രനായി പി. വി. അൻവർ തുടങ്ങിയവരാണ് മത്സരരംഗത്തുള്ളത്.

ഞായറാഴ്ച മുതൽ മണ്ഡലത്തിൽ ഇടവിട്ടു കനത്ത മഴ പെയ്യുന്നുണ്ടെങ്കിലും വിവിധയിടങ്ങളിലായി നടത്തുന്ന പ്രചാരണയോഗങ്ങളിൽ ആരോപണ പ്രത്യാരോപണങ്ങളുമായി മുന്നണി നേതാക്കൾ കളം നിറയുകയാണ്. വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണും.



# പട്ടം എസ് യു ടി ആശുപത്രിയിൽ ലോക രക്തദാന ദിനം ആചരിച്ചു

തിരുവനന്തപുരം: ലോക രക്തദാന ദിനത്തോടനുബന്ധിച്ച് എസ് യു ടി ആശുപത്രിയിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കേണൽ രാജീവ് മണ്ണാളി പരിപാടി ഉദ്ഘാടനം ചെയ്തു. പുതുതലമുറയിൽ രക്തദാനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ആഴത്തിലുള്ള ബോദ്ധ്യമുണ്ടെന്നും ക്യാമ്പിൽ പങ്കെടുക്കാൻ സന്നദ്ധ പ്രകടിപ്പിച്ചു വന്ന വ്യക്തികളുടെ സംഖ്യയിൽ നിന്ന് തന്നെ അത് മനസ്സിലാക്കാവുന്നതേയുള്ളൂ എന്നും അദ്ദേഹം പറയുകയുണ്ടായി. വിവിധ കോളജ് വിദ്യാർത്ഥികളും ആംബുലൻസ് ഡ്രൈവർമാരും ഉൾപ്പെടെ നിരവധി പേർ രക്തദാനം ചെയ്തു. ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ വി, ബ്ലഡ് ബാങ്ക് ഇൻചാർജ് ബി. രാധാകൃഷ്ണൻ, വിവിധ വകുപ്പുകളുടെ മാനേജർമാർ എന്നിവരും ക്യാമ്പിൽ സന്നിഹിതരായിരുന്നു.



# സംസ്ഥാനത്ത് അതിശക്തമായ മഴ തുടരും; ഇന്ന് അഞ്ച് ജില്ലകളിൽ റെഡ് അലർട്ട്, ആറ് ജില്ലകളിൽ ഓറഞ്ച് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴക്ക് സാധ്യതയെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ബംഗാൾ ഉൾക്കടലിലെ ചക്രവാതച്ചുഴിയുടെ സ്വാധീനവും കേരളത്തിന് മുകളിൽ പടിഞ്ഞാറൻ കാറ്റ് ശക്തമായി തുടരുന്നതുമാണ് കനത്ത മഴയ്ക്ക് കാരണം.

ഇന്ന് അഞ്ച് ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിലാണ് റെഡ് അലർട്ടുള്ളത്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിൽ ഓറഞ്ച് അലർട്ടും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ യെല്ലോ അലർട്ട് മുന്നറിയിപ്പുമുണ്ട്. ഒറ്റപ്പെട്ട അതിതീവ്ര മഴയ്ക്കും മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. ബുധനാഴ്ച വരെ മഴ തുടരുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. കാറ്റും മഴയും ശക്തമാകുന്ന സാഹചര്യത്തിൽ മലയോര മേഖലകളിൽ അതീവ ജാഗ്രതക്ക് നിർദേശമുണ്ട്. കടൽക്ഷോഭവും ഉയർന്ന തിരമാലകളും ഉണ്ടായേക്കാമെന്ന് തീരദേശത്തും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ തുടരുന്നതിനാൽ 19ാം തീയതി വരെയാണ് മത്സ്യബന്ധനത്തിനുള്ള വിലക്ക്. അടിയന്തര സാഹചര്യങ്ങൾ കരുതി ഇരിക്കുന്നതിനോടൊപ്പം അപകട മേഖലകളിൽ നിന്ന് മാറി താമസിക്കുന്നതിന് മടിക്കരുതെന്നും അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണമെന്നും സർക്കാർ അറിയിച്ചു.

# എംഎസ്എംഇകൾക്കുള്ള ഫയർ ആൻഡ് റെസ്ക്യൂ എൻ.ഒ.സി എളുപ്പത്തിലാക്കി കെഎസ്ഐഡിസി

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൻറെ ഭാഗമായി കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ അപേക്ഷിക്കാം

തിരുവനന്തപുരം: വ്യവസായ സംരംഭകർക്ക് ഫയർ ആൻഡ് റെസ്ക്യൂ എൻ.ഒ.സി ഉൾപ്പെടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ക്ലിയറൻസുകൾ എളുപ്പത്തിലാക്കി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി). ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൻറെ ഭാഗമായി ഒന്നിലധികം ഓഫീസുകൾ സന്ദർശിക്കുന്നതിന് പകരം കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ (https://kswift.kerala.gov.in/index/) ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൻറെ നിരാക്ഷേപ പത്രത്തിനായുള്ള അപേക്ഷ സമർപ്പിക്കാനാകും.സർട്ടിഫിക്കേഷൻ പ്രക്രിയ എളുപ്പത്തിലും വേഗത്തിലും സുതാര്യവും ആക്കുന്നതിനായിട്ടാണ് സർക്കാർ കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇൻറർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരൻറ് ക്ലിയറൻസ്) സംവിധാനം ആരംഭിച്ചിട്ടുള്ളത്. ഇതുവഴി സർട്ടിഫിക്കറ്റിനായി ഓൺലൈനിൽ അപേക്ഷിക്കാം. സംരംഭങ്ങൾ തുടങ്ങാനുള്ള കാലതാമസം ഒഴിവാക്കാനുമാകും.

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പാണ് ഫയർ ആൻഡ് റെസ്ക്യൂ നിരാക്ഷേപ പത്രം നൽകുന്നത്. ഒരു കെട്ടിടമോ വ്യാവസായിക യൂണിറ്റോ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും മതിയായ പ്രതിരോധ നടപടികൾ നിലവിലുണ്ടെന്നും ഇത് ഉറപ്പാക്കുന്നു. തീപിടുത്ത സാധ്യതയുള്ള വസ്തുക്കളുടെ നിർമ്മാണം, സംഭരണം, കൈകാര്യം ചെയ്യൽ എന്നിവ ഉൾപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

നിലവിൽ കെ-സ്വിഫ്റ്റ് 22 വകുപ്പുകളുടെയും ഏജൻസികളുടെയും സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. എല്ലാ അപേക്ഷകളും ഏകീകൃത പൊതു അപേക്ഷാ ഫോം (കോമൺ ആപ്ലിക്കേഷൻ ഫോം) വഴി സമർപ്പിക്കാം.

സംരംഭകരെ പിന്തുണയ്ക്കുന്നതിലും സംസ്ഥാനത്തുടനീളമുള്ള വ്യവസായ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിലും നിർണായക പങ്ക് വഹിക്കുന്ന കെഎസ്ഐഡിസി സാമ്പത്തിക പിന്തുണ, ഉപദേശക സേവനങ്ങൾ, അനുമതി നേടുന്നതിനുള്ള സഹായം എന്നിവ നൽകുന്നതിലൂടെ എംഎസ്എംഇകളുടെ പ്രവർത്തനത്തെ ഗുണപരമായി സഹായിക്കുന്നു.എംഎസ്എംഇ മേഖലയ്ക്ക് അനുകൂലമായ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി 2022-23 ൽ സംസ്ഥാന സർക്കാർ ആരംഭിച്ച 'സംരംഭക വർഷം' പദ്ധതി സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷത്തിന് ഏറെ കരുത്ത് പകർന്നു. ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന ലക്ഷ്യത്തിലുള്ള പദ്ധതി ഓരോ വർഷവും ഈ നേട്ടം പിന്നിട്ടു. സംസ്ഥാനത്തിൻറെ സംരംഭക സാധ്യതകൾ തുറന്നുകാട്ടിയ പദ്ധതിയിലൂടെ 3,50,000-ത്തിലധികം എംഎസ്എംഇ യൂണിറ്റുകളാണ് ഇതുവരെ രൂപീകരിച്ചത്.

എംഎസ്എംഇ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കെ-സ്വിഫ്റ്റും അതുപോലുള്ള മറ്റ് പദ്ധതികളും വഴി സർക്കാർ ലളിതമാക്കുകയും സുതാര്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടുതൽ എംഎസ്എംഇ സംരംഭങ്ങൾക്ക് കടന്നുവരാനുള്ള സാഹചര്യമൊരുക്കുന്നു.

## പ്രിയംവദ കൊലപാതക കേസ്; പ്രതി വിനോദിന്റെ സഹോദരൻ അറസ്റ്റിൽ

തിരുവനന്തപുരം: പനച്ചിമൂട് മാവുവിള സ്വദേശി പ്രിയംവദയെ കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതി വിനോദിന്റെ സഹോദരൻ സന്തോഷ് അറസ്റ്റിൽ. തെളിവ് നശിപ്പിക്കാൻ സഹായിച്ചതിനാണ് അറസ്റ്റ്. ഞായറാഴ്ച മുതൽ പോലീസ് കസ്റ്റഡിയിലുള്ള ഇയാളുടെ അറസ്റ്റ് ഇന്ന് രാവിലെ രേഖപ്പെടുത്തുകയായിരുന്നു. മൃതദേഹം കുഴിച്ചിടുന്ന സമയത്ത് വിനോദിനൊപ്പം സന്തോഷും ഉണ്ടായിരുന്നു. മൃതദേഹം സൂക്ഷിച്ച മുറി വൃത്തിയാക്കാൻ സന്തോഷും വിനോദിനെ സഹായിച്ചെന്ന് പോലീസ് കണ്ടെത്തി.

പ്രിയംവദയെ കൊലപ്പെടുത്തിയത് സാമ്പത്തിക തർക്കത്തെ തുടർന്നാണെന്ന് പോലീസ് കണ്ടെത്തിയിരുന്നു. പ്രതി വിനോദിന് പ്രിയംവദ പണം നൽകിയിരുന്നു. ഈ പണം തിരികെ ചോദിച്ചതിലുള്ള പകയാണ് കൃത്യത്തിന് കാരണം. ജൂൺ 12ന് വീട്ടിൽ ആരുമില്ലാതിരുന്ന സമയത്ത് വിനോദ്, പ്രിയംവദയെ വീട്ടിൽ കയറി മർദിച്ചു. ബോധംവീണപ്പോൾ കഴുത്ത് ഞെരിച്ച് കട്ടിലിനടിയിൽ വച്ചു. പിന്നീട് വീടിനോട് ചേർന്ന് കുഴിയെടുത്ത് മൃതദേഹം മറവ് ചെയ്യുകയായിരുന്നു.

## തിരുവനന്തപുരത്തുനിന്ന് വിദ്യാർഥിയെ കാണാതായി

തിരുവനന്തപുരം: തിരുവനന്തപുരത്ത് നിന്നും വിദ്യാർഥിയെ കാണാതായി. വണ്ടിത്തടം നവദീപത്തിൽ അരുണിന്റെ മകൻ നവനീത് കൃഷ്ണയെന്ന സച്ചിനെയാണ് (14 വയസ്) ഞായറാഴ്ച കാണാതായത്.

രാവിലെ 11.30 മുതൽ വീട്ടിൽ നിന്നും കാണാതായതിനെത്തുടർന്ന് ബന്ധുക്കൾ പോലീസിൽ പരാതി നൽകുകയായിരുന്നു. നഗരത്തിലും പരിസരങ്ങളിലും ടീമുകളായി തിരിഞ്ഞ് പോലീസ് അന്വേഷണം വ്യാപിപ്പിച്ചിട്ടുണ്ട്. ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും പോലീസ് പരിശോധന തുടരുകയാണ്.

# 'അറിയാം അകറ്റാം അരിവാൾകോശ രോഗം': ഒരുവർഷം നീളുന്ന ക്യാമ്പയിൻ

സിക്കിൾസെൽ രോഗത്തിനെപ്പറ്റിയുള്ള അവബോധം ശക്തിപ്പെടുത്തുന്നതിനായി 'അറിയാം അകറ്റാം അരിവാൾകോശ രോഗം' എന്ന പേരിൽ ഒരുവർഷം നീളുന്ന പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. ആരോഗ്യ വകുപ്പും ട്രൈബൽ വകുപ്പും ചേർന്നാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

സിക്കിൾസെൽ രോഗം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ചികിത്സാ കേന്ദ്രങ്ങൾ, സഹായ പദ്ധതികൾ എന്നിവയിൽ അവബോധം നൽകും. രോഗബാധിതർ, ഗർഭിണികൾ, കുട്ടികൾ എന്നിവരെ സംബന്ധിക്കുന്ന കാര്യങ്ങൾ ഗോത്രഭാഷയിൽ ഉൾപ്പെടെ പ്രത്യേക സന്ദേശങ്ങളും തയ്യാറാക്കുന്നതാണ്. 'അറിയാം അകറ്റാം അരിവാൾകോശ രോഗം' പ്രത്യേക ക്യാമ്പയിന്റെ ലോഗോ പ്രകാശനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

ഗോത്രവർഗ വിഭാഗത്തിലെ സിക്കിൾസെൽ രോഗികളെ കണ്ടെത്തുന്നതിന് പ്രത്യേക സ്ക്രീനിംഗ് നടത്തി വരുന്നു. 2007 മുതൽ സംസ്ഥാന സർക്കാർ സിക്കിൾ സെൽ സമഗ്ര ചികിത്സാ പദ്ധതിയ്ക്ക് തുടക്കമിട്ടു. വയനാട്, അട്ടപ്പാടി മേഖലയിലുള്ള ഗോത്രവർഗ വിഭാഗങ്ങളിൽ ഇതിനായി സ്ക്രീനിംഗ് ടെസ്റ്റുകളും തുടർ ചികിത്സകളും നടത്തിവരുന്നു. 2023ലാണ് പദ്ധതി സമഗ്രമായി നടപ്പിലാക്കിയത്. ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 17 സംസ്ഥാനങ്ങളിലായി രോഗബാധ കൂടുതലായുള്ള പ്രദേശങ്ങളിൽ മാത്രമാണ് പദ്ധതി ആരംഭിച്ചത്. കേരളത്തിൽ ഈ പദ്ധതിയുടെ സേവനം നിലമ്പൂർ, അട്ടപ്പാടി ബ്ലോക്കുകളിൽ കൂടി വ്യാപിപ്പിച്ചു. ഈ വർഷം കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കും.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ. രാഹുൽ, ട്രൈബൽ വകുപ്പ് ജോ. ഡയറക്ടർ, അസി. ഡയറക്ടർ, യൂണിസെഫ് പ്രതിനിധി തുടങ്ങിയവർ പങ്കെടുത്തു.

## സാഹസിക ടൂറിസം പരിശീലനത്തിന് അപേക്ഷിക്കാം

സംസ്ഥാന ടൂറിസം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള ആഡ്വെഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും സംയുക്തമായി നടത്തുന്ന സാഹസിക ടൂറിസം പരിശീലന പരിപാടിയായ ആഡ്വെഞ്ചർ ആക്റ്റിവിറ്റി അസിസ്റ്റന്റ് കോഴ്സിൽ (ഏഴ് ദിവസം) പങ്കെടുക്കാൻ അപേക്ഷ ക്ഷണിച്ചു.

എട്ടാം ക്ലാസ് പാസായ 2025 ജൂൺ 1 ന് 18 വയസ് തികഞ്ഞവരും 45 വയസ് കഴിഞ്ഞിട്ടില്ലാത്തവരുമായ നല്ല ശാരീരിക ക്ഷമതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് ഫീസ് 14,000 രൂപ + 18 ശതമാനം ജിഎസ്ടി. കിറ്റ്സിന്റെ തിരുവനന്തപുരത്തുള്ള കേന്ദ്രത്തിലാണ് പരിശീലനം നടക്കുക. ജൂൺ 25 ന് തുടങ്ങുന്ന ബാച്ചിൽ ചേരുന്നതിനായി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ 21 നകം ഡയറക്ടർ, കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്, റെസിഡൻസി, തൈക്കാട്, തിരുവനതപുരം-695014 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഇ-മെയിൽ: kittstraining@gmail.com. ഫോൺ: 8129816664.

## ഒല്ലൂരിൽ ബന്ധുവീട്ടിൽ വിരുന്നിനെത്തിയ യുവാവ് കുളത്തിൽ മുങ്ങിമരിച്ചു

തൃശൂർ: ഒല്ലൂരിൽ ബന്ധുവീട്ടിൽ വിരുന്നിനെത്തിയ യുവാവ് കുളത്തിൽ വീണ് മുങ്ങിമരിച്ചു. ഇടുക്കി മങ്കുളം നെല്ലംകുഴി വീട്ടിൽ സണ്ണിയുടെ മകൻ ബിറ്റൊ (22) ആണ് മരിച്ചത്. ബിറ്റോയുടെ ചിയ്യാരത്തുള്ള അമ്മായിയുടെ വീട്ടിലേക്ക് വന്നതായിരുന്നു. ഞായറാഴ്ച ഉച്ചയ്ക്ക് ചിയ്യാരത്തെ കാരമുക്ക് കുളത്തിൽ ബന്ധുവിനൊപ്പം കുളിക്കാൻ ഇറങ്ങിയതായിരുന്നു. വെള്ളത്തിൽ മുങ്ങി പോയ ബിറ്റോയെ അഗ്നി രക്ഷാസേന എത്തിയാണ് പുറത്തെത്തിച്ചത്. ആശുപത്രിയിൽ എത്തിച്ചെങ്കിലും ബിറ്റോയുടെ ജീവൻ രക്ഷിക്കാനായില്ല. അമ്മ ഷിനി. സഹോദരങ്ങൾ: ബ്രിറ്റൊ, ബിൻറൊ.

## ഒറ്റപ്പാലത്ത് വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

പാലക്കാട്: ഒറ്റപ്പാലത്ത് വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ശ്രീകൃഷ്ണപുരം സ്വദേശി ആദിത്യനാണ് (28) മരിച്ചത്. ഒറ്റപ്പാലം പാലപ്പുറത്ത് വച്ച് കഴിഞ്ഞ ബുധനാഴ്ചയായിരുന്നു അപകടം ഉണ്ടായത്. ഒറ്റപ്പാലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഞായറാഴ്ച രാത്രി മരിക്കുകയായിരുന്നു. പാലപ്പുറം കാവേരി ഓഡിറ്റോറിയത്തിന് മുന്നിൽ വച്ചാണ് പിക്കപ്പ് വാനും ബൈക്കും കൂട്ടിയിടിച്ച് അപകടമുണ്ടായത്.

# നഴ്സിംഗ് വിദ്യാർത്ഥികൾക്കായി 8 പുതിയ ബസുകൾ

സംസ്ഥാനത്തെ 5 നഴ്സിംഗ് സ്കൂളുകൾക്കും 3 ജെപിഎച്ച്എൻ ട്രെയിനിംഗ് സെന്ററുകൾക്കും അനുവദിച്ച ബസുകളുടെ ഫ്ളാഗ് ഓഫ് ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. കേരള നഴ്സിംഗ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ ആരോഗ്യ വകുപ്പിന് കൈമാറിയ 1.83 കോടി രൂപ വിനിയോഗിച്ചാണ് ബസുകൾ വാങ്ങിയത്. തിരുവനന്തപുരം, കോട്ടയം, തൃശൂർ, ഇടുക്കി മുട്ടം, പത്തനംതിട്ട ഇലന്തൂർ എന്നീ നഴ്സിംഗ് സ്കൂളുകൾക്കും തൈക്കാട് എസ്.സി./എസ്.ടി. ജെപിഎച്ച്എൻ ട്രെയിനിംഗ് സെന്റർ, പാലക്കാട് പെരിങ്ങോട്ടുകുറിശ്ശി ജെപിഎച്ച്എൻ ട്രെയിനിംഗ് സെന്റർ, കാസർഗോഡ് ജെപിഎച്ച്എൻ ട്രെയിനിംഗ് സെന്റർ എന്നിവയ്ക്കാണ് ബസ് അനുവദിച്ചത്.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, കേരള നഴ്സിംഗ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ രജിസ്ട്രാർ പ്രൊഫ. സോന, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ക്വിസ് മത്സരം

വായനാദിനത്തോടനുബന്ധിച്ച് കേരളത്തിലെ കോളേജ് വിദ്യാർഥികൾക്കായി ജൂൺ 21 ന് കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപയും സർട്ടിഫിക്കറ്റും സമ്മാനിക്കും.

ഗൂഗിൾഫോം വഴി സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 19 നു വൈകിട്ട് 5 ന് മുൻപായി മ്യൈമ.സല്യമഹമ.ഴീ.ശി വെബ് സൈറ്റിൽ വായനദിന ക്വിസ് മത്സരം എന്ന ലിങ്കിൽ പേര് രജിസ്റ്റർ ചെയ്യണം.

## സോണിയ ഗാന്ധിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

ന്യൂഡൽഹി: സോണിയ ഗാന്ധിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഉദര സംബന്ധമായ അസുഖങ്ങളെ തുടർന്ന് ഡൽഹിയിലെ സർ ഗംഗാ റാം ആശുപത്രിയിൽ ആണ് പ്രവേശിപ്പിച്ചത്. സോണിയയുടെ ആരോഗ്യ നില തൃപ്തികരം എന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ആശുപത്രിയിലെ ഗ്യാസ്ട്രോ വിഭാഗത്തിൽ നിരീക്ഷണത്തിൽ കഴിയുകയാണ് സോണിയ ഗാന്ധി. ജൂൺ ഏഴിന് സോണിയ ഗാന്ധിയെ ഹിമാചൽ പ്രദേശിലെ ഷിംലയിലുള്ള ഇന്ദിരാ ഗാന്ധി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

## വിക്ടോറിയൻ പാർലമെന്റിലേക്ക് വിശിഷ്ടാതിഥിയായി മന്ത്രി വീണാ ജോർജിന് ക്ഷണം

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന് ആസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെന്റ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ക്ഷണം. വിശിഷ്ടാതിഥിയായി പങ്കെടുക്കുന്നതിനും പാർലമെന്റിന്റെ ആദരവ് ഏറ്റുവാങ്ങുന്നതിനുമായാണ് ക്ഷണിച്ചിരിക്കുന്നത്.

കേരളവും വിക്ടോറിയയുമായിട്ടുള്ള ആരോഗ്യ മേഖലയിലെ സഹകരണത്തിന്റെ അംഗീകാരമായിട്ടാണ് മന്ത്രിയെ ക്ഷണിച്ചിരിക്കുന്നത്. ജൂൺ 19-ാം തീയതിയിലെ വിക്ടോറിയൻ പാർലമെന്റ് സമ്മേളനത്തിലാണ് മന്ത്രി പങ്കെടുക്കുന്നത്. സംസ്ഥാനങ്ങളിലെ മന്ത്രിമാർക്ക് അപൂർവമായാണ് ഇത്തരമൊരു അവസരം ലഭിക്കുന്നത്.ഈ കാലയളവിൽ കേരളവും വിക്ടോറിയയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിന് ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. സന്ദർശനത്തോടനുബന്ധിച്ച് വിക്ടോറിയയിലെ ആരോഗ്യ വകുപ്പ് മന്ത്രി, വനിതാ ശിശു ക്ഷേമ വകുപ്പ് മന്ത്രി എന്നിവരുമായി മന്ത്രി വീണാ ജോർജ് ചർച്ച നടത്തും.

## ഡെപ്യൂട്ടേഷൻ നിയമനം

തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒഴിവുള്ള മെഡിക്കൽ ഓഫീസർ തസ്തികകളിലേക്ക് ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഹോമിയോപ്പതി വകുപ്പിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും മേലധികാരി മുഖേന നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നേടിയവരും 55200 115300 ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരും ആയിരിക്കണം.

അപേക്ഷകൾ വകുപ്പ് മേധാവി മുഖേന പ്രിൻസിപ്പാൾ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം - 695 009 എന്ന വിലാസത്തിൽ ജുലൈ 10 നകം ലഭിക്കണം. വിശദവിവരങ്ങൾക്ക് ഇ-മെയിൽ - pcodhme@gmail.com, ഫോൺ : 0471 2459459.

## മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ജൂൺ 19 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## കൊല്ലത്ത് ട്രെയിൻ ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചു

കൊല്ലം: കൊല്ലത്ത് ട്രെയിൻ ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചു. പോളയത്തോട് റെയിൽവേ ട്രാക്കിന് കുറുകെ വീണ മരം മുറിച്ചു മാറ്റിയാണ് ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചത്. ഒരു ട്രാക്കിലൂടെ ട്രെയിൻ കടത്തിവിട്ടുതുടങ്ങിയിട്ടുള്ളത്. തകരാറിലായ വൈദ്യുതി ലൈനുകൾ നന്നാക്കാനുള്ള ശ്രമം പുരോഗമിക്കുകയാണ്. പോളയത്തോട് കപ്പലണ്ടിമുക്ക് ജംഗ്ഷനുസമീപമാണ് റെയിൽവേ ട്രാക്കിലേക്ക് മരംവീണത്. ഇലക്ട്രിക് ലൈനിന് മുകളിലൂടെയാണ് മരംവീണത്. വീണതിന് പിന്നാലെ മരത്തിന് തീപിടിച്ചിരുന്നു. തീ അണച്ചശേഷമാണ് മരം മുറിച്ചു മാറ്റിയത്.

## ലൈഫ് സർട്ടിഫിക്കറ്റ് സർമപ്പിക്കണം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിയുടെ നിലവിൽ ധനസഹായം ലഭിച്ചുവരുന്ന ഗുണഭോക്താക്കൾക്ക് തുടർ ധനസഹായം ലഭിക്കുന്നതിനായി www.oscialsecuritymission.gov.in ൽ നൽകിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള (ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയ) ലൈഫ് സർട്ടിഫിക്കറ്റ് നേരിട്ടോ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം - 12 എന്ന വിലാസത്തിലേക്ക് സാധാരണ പോസ്റ്റായോ ജൂലൈ 15 നകം ലഭ്യമാക്കണം. 2025 മാർച്ച് 31 ന് ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർ വീണ്ടും സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2341200, ടോൾഫ്രീ നമ്പർ: 1800 120 1001.

## അപേക്ഷ ക്ഷണിച്ചു

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 44 ഐ.റ്റി.ഐ കളിലെ വിവിധ മെട്രിക്/നോൺ മെട്രിക് ട്രേഡുകളിലേക്ക് പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. www.scdd.kerala.gov.in ലുള്ള SCDD ITI ADMISSION 2025 എന്ന ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കാം. എസ്.സി വിഭാഗത്തിൽപ്പെട്ടവർക്ക് 80 ശതമാനം, എസ്.ടി വിഭാഗത്തിന് 10 ശതമാനം, മറ്റു വിഭാഗത്തിന് 10 ശതമാനവുമാണ് സീറ്റുകൾ നിലവിലുള്ളത്.

ജൂലൈ 16 നകം അപേക്ഷകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ്, അയ്യൻകാളി ഭവൻ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം, ഫോൺ നം.0471 2316680, ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് ഫോൺ നം. 0495 2371451, ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ എന്നിവയിൽ നിന്നും വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ലഭിക്കും.

## കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റണം

2020-21 അധ്യയന വർഷം ആറ്റിങ്ങൽ സർക്കാർ കോളേജിൽ പ്രവേശനം നേടിയതും ഇതുവരേയും കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റാത്തതുമായ വിദ്യാർഥികൾ തുക കൈപ്പറ്റുന്നതിനായി തിരിച്ചറിയൽ രേഖ, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം കോളേജ് ഓഫീസിൽ ഹാജരാകണം. ജൂൺ 30 ന് മുമ്പായി തുക കൈപ്പറ്റാത്ത വിദ്യാർഥികളുടെ കോഷൻ ഡെപ്പോസിറ്റ് തുക ഇനിയൊരറിയിപ്പില്ലാതെതന്നെ സർക്കാരിലേക്ക് അടക്കും.

## കാഞ്ഞിരംകുളം പഞ്ചായത്ത് ഓഫീസിൽ തീപിടിത്തം

തിരുവനന്തപുരം: കാഞ്ഞിരംകുളം പഞ്ചായത്ത് ഓഫീസിൽ തീപിടിത്തം. ഓഫീസ് റൂമിലെ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ളവ അഗ്നിക്കിരയായി. ഇന്ന് വൈകിട്ട് ആയിരുന്നു സംഭവം. പഞ്ചായത്ത് ഓഫീസിന്റെ ഒന്നാമത്തെ നിലയാണ് തീ പിടിച്ചത്. പൂവാറിൽ നിന്നും നെയ്യാറ്റിൻ നിന്നുമുള്ള ഫയർഫോഴ്സ് സംഘം സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കി. തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ല.

## അഭിമുഖം

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളജിൽ കെ.ജി.ടി.ഇ പ്രിന്റിങ് ടെക്നോളജി പ്രീ പ്രസ് ഓപ്പറേഷൻ, പ്രസ് വർക്ക് റഗുലർ കോഴ്സുകൾ കൈകാര്യം ചെയ്യുന്നതിനായി താത്കാലിക ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിലേക്ക് ജൂൺ 17ന് രാവിലെ 10ന് അഭിമുഖം നടത്തും

## ദർഘാസ്

വ്യാവസായിക പരിശീലനവകുപ്പിലെ ചാക്ക ഗവ. ഐ.ടി.ഐ വെൽഡർ ട്രേഡിലേക്ക് കൺസ്യൂമബിൾ ഐറ്റംസ് സംഭരിക്കുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.det.kerala.gov.in.

# പശ്ചിമേഷ്യ കത്തുന്നു; ആക്രമണം തുടർന്ന് ഇസ്രയേലും ഇറാനും

ടെൽഅവീവ്: പശ്ചിമേഷ്യയെ മുൾമുനയിൽനിർത്തി ഇസ്രയേൽ-ഇറാൻ യുദ്ധം രൂക്ഷമാകുന്നു. ഇസ്രയേൽ-ഇറാൻ സംഘർഷം പൊട്ടിപ്പുറപ്പെട്ട് തുടർച്ചയായ നാലാം ദിവസവും കനത്ത ആക്രമണമാണ് ഇരുരാജ്യങ്ങളും നടത്തിയത്. ഞായറാഴ്ച രാത്രി മുതൽ ഇന്നു പുലർച്ചെ വരെ ശക്തമായ മിസൈൽ, ബോംബ് ആക്രമണങ്ങൾ തുടർന്നു.

ഇസ്ലാമിക് റവല്യൂഷണറി ഗാർഡ് കോർപ്സിന്റെ (ഐആർജിസി) ഇൻറലിജൻസ് മേധാവിയെയും രണ്ടു മുതിർന്ന ജനറൽമാരെയും ഇസ്രയേൽ കൊലപ്പെടുത്തിയതായി ഇറാൻ പറഞ്ഞു. പുതിയ വ്യോമാക്രമണങ്ങളിൽ നിരവധി ജനവാസകേന്ദ്രങ്ങൾ തകർന്നു. വെള്ളിയാഴ്ച ഇസ്രയേൽ ആക്രമണം ആരംഭിച്ചശേഷം 224പേർ മരിച്ചതായും 2,000ലേറെപ്പേർക്ക് പരിക്കേറ്റതായും ഇറാനിയൻ ആരോഗ്യമന്ത്രാലയം അറിയിച്ചു. വടക്കൻ ഇസ്രയേലിൽ ഇറാൻ നടത്തിയ ശക്തമായ ബാലിസ്റ്റിക് മിസൈൽ ആക്രമണത്തിൽ അഞ്ച് യുക്രൈൻ സ്വദേശികളുൾപ്പെടെ പത്തുപേർ മരിച്ചു. 200ലേറെപ്പേർക്കു പരിക്കേറ്റു. ഇസ്രയേലിൽ13ലേറെപ്പേർ മരിച്ചതായാണ് റിപ്പോർട്ട്. ടെൽഅവീവ്, ജെറുസലേം നഗരങ്ങളിലും കനത്ത ആക്രമണമാണ് ഇറാൻ നടത്തിയത്.

ഇസ്രയേൽ തുറമുഖ നഗരമായ ഹൈഫയിൽ വീണ്ടും ഇറാൻ മിസൈൽ ആക്രമണം നടത്തി. ഇസ്രയേലിലെ ബാത്ത് യാമിൽ 61 കെട്ടിടങ്ങൾ തകർന്നു. 35 പേരെ കാണാതായി. ഇസ്രയേലിൽനിന്ന് 2,300 കിലോമീറ്റർ അകലെ ഇറാന്റെ ഇന്ധന ടാങ്കർ വിമാനം വ്യോമസേന തകർത്തതായി ഇസ്രയേൽ സേന പറഞ്ഞു.

അതിനിടെ ടെഹ്റാന്റെ വ്യോമാതിർത്തിയുടെ നിയന്ത്രണം ഏറ്റെടുത്തതായി ഇസ്രയേൽ നേരത്തെ അവകാശപ്പെട്ടിരുന്നു. ഇനി മിസൈലുകൾ വിക്ഷേപിച്ചാൽ ടെഹ്റാൻ കത്തുമെന്നാണ് ഇസ്രയേൽ മുന്നറിയിപ്പെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. എന്നാൽ ഇസ്രയേലിന്റെ അവകാശവാദത്തോട് ഇറാൻ ഇനിയും പ്രതികരിച്ചിട്ടില്ല.

## ടേക്ക് ഓഫിന് തൊട്ട്മുൻപ് സാങ്കേതിക പ്രശ്നം; എയർ ഇന്ത്യ എക്സ്പ്രസ് റൺവേയിൽ നിർത്തിയിട്ടു

ന്യൂഡൽഹി: എയർ ഇന്ത്യ എക്സ്പ്രസ് വിമാനം പറന്നുയരുന്നതിന് തൊട്ടുമുൻപുണ്ടായ സങ്കേതിക തകരാറിനെ തുടർന്നു റൺവേയിൽ നിർത്തിയിട്ടു. പശ്ചിമ ബംഗാളിലെ നേതാജി സുഭാഷ് ചന്ദ്രബോസ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഉത്തർപ്രദേശിലെ ഹിൻഡൺ വിമാനത്താവളത്തിലേക്ക് പോകേണ്ടിയിരുന്ന വിമാനമാണ് വൈകിയത്. റൺവേയിൽവച്ച് അപ്രതീക്ഷിതമായി ഉണ്ടായ സാങ്കേതിക തകരാർ മൂലം കത 1511 എന്ന വിമാനം ഒരു മണിക്കൂറിലധികം നിർത്തിവച്ചു.

യാത്രക്കാർക്ക് സൗജന്യമായി യാത്ര പുനഃക്രമീകരിക്കാനോ മുഴുവൻ പണവും തിരികെ ലഭിക്കുന്ന രീതിയിൽ ടിക്കറ്റ് റദ്ദാക്കാനോ ഉള്ള അവസരം നൽകി. അസൗകര്യത്തിൽ ഖേദിക്കുന്നുവെന്ന് എയർ ഇന്ത്യ എക്സ്പ്രസ് വക്താവ് അറിയിച്ചു. വിമാന റൺവേയിലേക്ക് എത്തി പുറപ്പെടാൻ തയാറെടുക്കുമ്പോൾ ഫ്ലൈറ്റ് ക്രൂ അവസാന നിമിഷം ഒരു സാങ്കേതിക തകരാർ കണ്ടെത്തുകയായിരുന്നു.

## ഇറാനിലെ ഇന്ത്യൻ വിദ്യാർഥികളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നതായി വിദേശകാര്യ മന്ത്രാലയം

ടെഹ്റാൻ: ഇറാൻ-ഇസ്രയേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനിലുള്ള വിദ്യാർത്ഥികളെ രാജ്യത്തിനുള്ളിലെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുന്നു. എംബസി ഇതിനുള്ള സൗകര്യം ചെയ്യുന്നുവെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കാനുള്ള മറ്റ് സാധ്യമായ മാർഗങ്ങൾ പരിഗണനയിലാണെന്നും മന്ത്രാലയം വ്യക്തമാക്കി. വിദ്യാർഥികളെ അർമേനിയ വഴി ഒഴിപ്പിക്കുന്നത് പരിഗണനയിലെന്നാണ് സൂചന. ടെഹ്റാനിലെ ഇന്ത്യൻ എംബസി സുരക്ഷാ സാഹചര്യം നിരന്തരം നിരീക്ഷിക്കുകയും ഇറാനിലെ ഇന്ത്യൻ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടിയെടുക്കുകയും ചെയ്യുന്നു. എംബസിയുടെ സഹായത്തോടെ വിദ്യാർഥികളെ ഇറാനിലെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റുന്നുണ്ട്. മറ്റ് സാധ്യമായ മാർഗങ്ങളും പരിഗണനയിലാണ്'- വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

# ഇന്ത്യക്കാർ ഇന്ന് തന്നെ ടെഹ്റാൻ വിടണം; കർശന നിർദേശവുമായി വിദേശകാര്യ മന്ത്രാലയം

ന്യൂഡൽഹി: എല്ലാ ഇന്ത്യക്കാരും ഇന്ന് തന്നെ ടെഹ്റാൻ വിടണമെന്ന കർശന നിർദേശവുമായി വിദേശകാര്യ മന്ത്രാലയം.

ഏത് തരം വിസയാണെന്നത് പരിഗണിക്കാതെ തന്നെ നിർദേശം പാലിക്കണമെന്ന് മന്ത്രാലയം ആവശ്യപ്പെട്ടു.

ഇസ്രയേൽ-ഇറാൻ സംഘർഷം കൂടുതൽ വഷളാകുന്ന സാഹചര്യത്തിലാണ് നിർദേശം. വിദേശികൾ ഇന്ത്യക്കാരെ അനുഗമിക്കരുതെന്നും മന്ത്രാലയം നിർദേശം നൽകി. കഴിവതും വേഗം സുരക്ഷിത സ്ഥാനത്തേക്ക് നീങ്ങണം.

അതിർത്തികൾ തുറന്നിരിക്കുകയാണെന്ന് ഇറാൻ അറിയിച്ചതിനാൽ ഒഴിപ്പിക്കൽ നടപടികൾക്ക് തടസമില്ല. ഇസ്രയേൽ ഭീഷണിയുടെ പശ്ചാത്തലത്തിലാണ് ഇന്ത്യ അടിയന്തര നിർദേശം നൽകിയിരിക്കുന്നത്. ഇറാൻ നടത്തിയ ആക്രമണങ്ങൾക്ക് ടെഹ്റാനിൽ ജീവിക്കുന്നവർ വില കൊടുക്കേണ്ടി വരുമെന്നായിരുന്നു ഇസ്രയേൽ പ്രതിരോധ മന്ത്രിയുടെ ഭീഷണി.

അതേസമയം വിവിധ സർവകലാശാലകളിലെ ഇന്ത്യൻ വിദ്യാർഥികളെ അർമേനിയയിലേക്ക് മാറ്റാൻ തീരുമാനിച്ചു. അർമേനിയൻ വിദേശകാര്യമന്ത്രിയുമായി വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ ചർച്ച നടത്തി.

ടെഹ്റാനിൽ കുടുങ്ങിയ വിദ്യാർഥികളെയാകും ആദ്യം ഒഴിപ്പിക്കുക. സാഹചര്യം അതീവ ഗുരുതരമാണെന്ന് വിദ്യാർഥികൾ വിദേശ കാര്യമന്ത്രാലയത്തെ അറിയിച്ചിരുന്നു.

## ഫിഫ ക്ലബ് ലോകകപ്പ്: ബയേൺ മ്യൂണിക്കിന് ഗംഭീര ജയം

ഒഹിയൊ: ഫിഫ ക്ലബ് ലോകകപ്പിൽ ഓക്ലൻഡ് സിറ്റിക്കെതിരായ മത്സരത്തിൽ ജർമൻ കരുത്തരായ ബയേൺ മ്യൂണിക്കിന് ഗംഭീര ജയം. എതിരില്ലാത്ത പത്ത് ഗോളുകൾക്കാണ് ബയേൺ വിജയിച്ചത്.

ബയേണിന് വേണ്ടി ജമാൽ മുസിയാല ഹാട്രിക്ക് നേടി. മത്സരത്തിന്റെ 67,73,84 എന്നീ മിനിറ്റുകളിലാണ് താരം ഗോളുകൾ നേടിയത്. തോമസ് മുള്ളറും കിംഗ്സ്ലി കോമാനും മൈക്കൽ ഒലിസെയും രണ്ട് ഗോൾ വീതം സ്കോർ ചെയ്തു. സച്ച ബൊയെ ഒരു ഗോൾ നേടി.

വിജയത്തോടെ ബയേണിന് മൂന്ന് പോയിൻറായി. ഗ്രൂപ്പ് സിയിൽ ഒന്നാം സ്ഥാനത്തെത്താനും ബയേണിനായി.

## അഹമ്മദാബാദ് വിമാന ദുരന്തം: നാലുപേരെ കാണാനില്ലെന്ന പരാതി

ന്യൂഡൽഹി: അഹമ്മദാബാദ് വിമാന ദുരന്തത്തെ തുടർന്ന് നാല് പ്രദേശവാസികളെ കാണാതായതിൽ പോലീസ് കേസെടുത്തു. ബന്ധുക്കൾ നൽകിയ പരാതിയിലാണ് പോലീസ് കേസെടുത്തത്. രണ്ടു വയസുള്ള കുട്ടി ഉൾപ്പെടെ നാലു പേരെയാണ് കാണാതായത്. ഇവരുടെ ബന്ധുക്കളുടെ ഡിഎൻഎ സാമ്പിളുകൾ ശേഖരിച്ചു. മരിച്ചവരിൽ ഇതുവരെ 80പേരെയാണ് ഡിഎൻഎ പരിശോധനയിലൂടെ തിരിച്ചറിഞ്ഞത്. തിരിച്ചറിഞ്ഞതിൽ 33 പേരുടെ മൃതദേഹങ്ങൾ വിട്ടു നൽകി. വിമാന അപകടത്തിൽ മരിച്ച ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടെ സംസ്കാര ചടങ്ങുകൾ ഇന്ന് നടക്കും. വിമാന അപകടത്തിൽ 274 പേരാണ് മരിച്ചതെന്നാണ് സംസ്ഥാന സർക്കാർ വ്യക്തമാക്കിയത്. കൂടുതൽ പേരുടെ ഡിഎൻഎ പരിശോധന ഇന്ന് പൂർത്തിയാകും. അപകട സ്ഥലത്ത് ഫോറൻസിക് പരിശോധന ഇന്നും തുടരും.

## ഹജ്ജ് യാത്രക്കാരുമായി വന്ന സൗദി വിമാനത്തിൽ തീ; ആളുകളെ ഒഴിപ്പിച്ചു

ലക്നോ: ഹജ്ജ് യാത്രക്കാരുമായി വന്ന സൗദി എയർലൈൻസ് വിമാനത്തിൽ തീ. വിമാനം ലക്നോവിൽ ഇറങ്ങുമ്പോഴാണ് ഇടത് ചക്രത്തിൽനിന്ന് തീയും പുകയും കണ്ടത്. ഉടനെ വിമാനത്തിൽനിന്ന് യാത്രക്കാരെ ഒഴിപ്പിച്ചു.

സൗദി എയർലൈൻസിന്റെ എസ്വി 3112 എന്ന വിമാനത്തിലാണ് തീ കണ്ടത്. ഞായറാഴ്ച രാത്രി 10: 45നാണ് വിമാനം ജിദ്ദയിൽനിന്ന് പുറപ്പെട്ടത്.

രാവിലെ ആറരയോടെ ലക്നോവിലെ വിമാനത്താവളത്തിൽ ലാൻഡ് ചെയ്യുമ്പോഴാണ് ഇടത് ചക്രത്തിന്റെ ഭാഗത്ത് തീയും പുകയും ശ്രദ്ധയിൽപ്പെട്ടത്. ഉടനെ പൈലറ്റ് വിമാനം പ്രത്യേക വശത്തേക്ക് മാറ്റി നിർത്തുകയായിരുന്നു.

വിമാനത്താവള അധികൃതരെത്തി തീയണച്ചു. വിമാനത്തിലുണ്ടായിരുന്നവരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയിട്ടുണ്ട്.

ലാൻഡിംഗ് ഗിയറിലെ ഹൈഡ്രോളിക് സംവിധാനത്തിലെ ചോർച്ച ആണ് തീ പിടിത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. വിമാനം കൂടുതൽ പരിശോധനകൾക്കായി മാറ്റി.

# എട്ട് ഡ്രീംലൈനർ വിമാനങ്ങളുടെ സുരക്ഷാ പരിശോധന പൂർത്തിയായി: വ്യോമയാന മന്ത്രി

ന്യൂഡൽഹി: എയർ ഇന്ത്യയുടെ 34 ബോയിംഗ് 787 ഡ്രീംലൈനർ വിമാനങ്ങളിൽ എട്ടെണ്ണത്തിന്റെ പരിശോധന പൂർത്തിയായെന്ന് കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു. എയർ ഇന്ത്യയുടെ എല്ലാ ബി 787 വിമാനങ്ങളും വിശദമായ സുരക്ഷാപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് വ്യോമയാന ഡയറക്ടറേറ്റ് ജനറൽ (ഡിജിസിഎ) ഉത്തരവിട്ടിരുന്നു.

പരിശോധനയുടെ വിശദാംശങ്ങളിലേക്ക് മന്ത്രി കടന്നില്ലെങ്കിലും എട്ടു വിമാനങ്ങളിലും അപാകതകളൊന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് ഉന്നതകേന്ദ്രങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

അഹമ്മദാബാദ് വിമാന ദുരന്തത്തിനുശേഷം കേന്ദ്ര വ്യോമയാന മന്ത്രി ആദ്യമായി നടത്തിയ വാർത്താസമ്മേളനത്തിലായിരുന്നു ഡ്രീംലൈനർ വിമാനങ്ങളുടെ ഒരു പാദത്തിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചത്. ഇതിനു പിന്നാലെ ഡിജിസിഎ നിർദേശിച്ച ബോയിംഗ് 787 വിമാനങ്ങളുടെ ഒറ്റത്തവണ സുരക്ഷാ പരിശോധന പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണെന്ന് എയർ ഇന്ത്യ എക്സിലൂടെ അറിയിച്ചു.

ഒൻപത് 787 ഡ്രീംലൈനർ വിമാനങ്ങളുടെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 24 വിമാനങ്ങളുടെ പരിശോധന അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുമെന്നും എയർ ഇന്ത്യ വ്യക്തമാക്കി.

അപകടത്തിനു കാരണമായ വിമാനത്തിന്റെ ഒരു ബ്ലാക്ക് ബോക്സ് വിമാനം ഇടിച്ചുകയറിയ ബിജെ മെഡിക്കൽ കോളജിന്റെ ഹോസ്റ്റലിന്റെ മേൽക്കൂരയിൽനിന്ന് കഴിഞ്ഞ ദിവസം വൈകിട്ട് അഞ്ചോടെയാണ് കണ്ടെത്തിയതെന്ന് നായിഡു മാധ്യമങ്ങളെ അറിയിച്ചു. എന്നാൽ വിമാനത്തിന്റെ മറ്റൊരു ബ്ലാക്ക് ബോക്സായ കോക്ക്പിറ്റ് വോയിസ് റിക്കാർഡർ (സിവിആർ) കണ്ടെത്തുന്നതിനെ സംബന്ധിച്ചുള്ള അന്വേഷണത്തെപ്പറ്റി മന്ത്രി പരാമർശിച്ചില്ല. കണ്ടെത്തിയ ബ്ലാക്ക് ബോക്സ് ഡീകോഡ് ചെയ്തുകൊണ്ടിരിക്കുകയാണെന്നും റാം മോഹൻ നായിഡു പറഞ്ഞു.

കേന്ദ്ര വ്യോമയാന മന്ത്രാലയം സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ വ്യോമയാന സെക്രട്ടറി സമീർ കുമാർ സിംഹയും പങ്കെടുത്തു. അപകടത്തിനു മുന്പ് ബോയിംഗ് 787-8 വിമാനം പാരീസിൽനിന്ന് ഡൽഹിയിലേക്കും ഡൽഹിയിൽനിന്ന് അഹമ്മദാബാദിലേക്കും പ്രശ്നങ്ങളൊന്നുമില്ലാതെ പറന്നിരുന്നുവെന്ന് വ്യോമയാന സെക്രട്ടറി ചൂണ്ടിക്കാട്ടി.

650 അടി ഉയരത്തിലെത്തിയതിനു ശേഷം വിമാനത്തിനു ഉയരം നഷ്ടമാകുകയായിരുന്നുവെന്നും 1: 39ഓടെ പൈലറ്റ് എയർ ട്രാഫിക്ക് കൺട്രോളിനു (എടിസി) 'മേയ്ദേ' കോൾ നൽകിയിരുന്നുവെന്നും വ്യോമയാന സെക്രട്ടറി വ്യക്തമാക്കി. എന്നാൽ എടിസി തിരികെ ബന്ധപ്പെടാൻ ശ്രമിച്ചപ്പോൾ പ്രതികരണമുണ്ടായില്ല. കൃത്യം ഒരു മിനിറ്റിനുശേഷം വിമാനം ഇടിച്ചു തകർന്നുവെന്ന് അദ്ദേഹം വിശദീകരിച്ചു.

## വനത്തിനുള്ളിലെ മരണങ്ങളും വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ നടത്തുന്ന അക്രമങ്ങളും രണ്ടായി കാണണം: എ. കെ. ശശീന്ദ്രൻ

കോഴിക്കോട്: ഇടുക്കി പീരുമേട്ടിൽ വനത്തിനുള്ളിൽ ആദിവാസി സ്ത്രീ മരിച്ച സംഭവത്തിൽ പ്രതികരണവുമായി വനംമന്ത്രി എ. കെ. ശശീന്ദ്രൻ.

സത്രീയുടെ മരണത്തിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് വരുന്നതിന് മുൻപ് കാട്ടാന ചവിട്ടി കൊന്നതാണെന്ന പ്രചാരണം നടന്നു. ഇതിന്റെ പേരിൽ വനംവകുപ്പിനെ പ്രതിസ്ഥാനത്ത് നിർത്താൻ ശ്രമിച്ചുവെന്നും ശശീന്ദ്രൻ പറഞ്ഞു.

വനത്തിനുള്ളിൽ നടക്കുന്ന മരണങ്ങൾ എല്ലാം വനംവകുപ്പിന്റെ പേരിലാക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ആണ് ആധികാരിക രേഖ. ഒരൽപ്പം കൂടി കഴിഞ്ഞിരുന്നുവെങ്കിൽ കൊലപാതകിയ്ക്ക് നഷ്ടപരിഹാരം നൽകേണ്ടി വരുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

വനത്തിനുള്ളിൽ നടക്കുന്ന മരണങ്ങളും വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങി നടത്തുന്ന അക്രമങ്ങളും രണ്ടായി കാണണം. വനത്തിനുള്ളിൽ നടക്കുന്ന മരണങ്ങളിൽ പരിശോധന ആവശ്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് വ്യക്തമാക്കും: മോഡി

ന്യൂഡൽഹി: 'ഓപ്പറേഷൻ സിന്ദൂറിന്' ശേഷമുള്ള ആദ്യ വിദേശ യാത്രയ്ക്ക് പുറപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി യൂറോപ്യൻ രാജ്യമായ സൈപ്രസിലെത്തി. അഞ്ച് ദിവസത്തെ സന്ദർശനത്തിൽ സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നീ രാജ്യങ്ങൾ സന്ദർശിക്കും. ഇതോടൊപ്പം കാനഡയിലെ ഒട്ടാവയിൽ നടക്കുന്ന ജി7 ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കുന്നുണ്ട്.

ഭീകരതയ്ക്കെതിരായി അതിർത്തികടന്ന് ഇന്ത്യ നടത്തിയ പോരാട്ടത്തിന് ഉറച്ച പിന്തുണ നൽകുന്ന പങ്കാളിരാജ്യങ്ങൾക്ക് നന്ദി പറയുക, എല്ലാ തരത്തിലുമുള്ള ഭീകരതയെയും ആഗോളതലത്തിൽ നേരിടുന്നതിനുള്ള ധാരണ വളർത്തുക എന്നിവയ്ക്കും കൂടിയുള്ള അവസരമായാണ് വിദേശപര്യടനത്തെ കാണുന്നതെന്ന് ത്രിരാഷ്ട്ര സന്ദർശനത്തിന് മുന്നോടിയായി ഔദ്യോഗിക പ്രസ്താവനയിൽ പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു.

ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് ഏറെ വൈകിയാണ് പ്രധാനമന്ത്രിക്ക് കാനഡയിൽനിന്നും ഔദ്യോഗിക ക്ഷണമെത്തിയത്. ഈ പശ്ചാത്തലത്തിൽ സന്ദർശനം റദ്ദാക്കുമെന്നടക്കമുള്ള വാർത്തകൾ വന്നെങ്കിലും ഉച്ചകോടിയിൽ പങ്കെടുക്കാൻ മോദി തീരുമാനിക്കുകയായിരുന്നു. തുടർച്ചയായ ആറാം തവണയാണ് മോദി ജി7 ഉച്ചകോടിയിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുക്കുന്നത്. ഊർജ സുരക്ഷ, സാങ്കേതിക സഹകരണം തുടങ്ങിയ മേഖലകളിൽ നേരിടുന്ന ആഗോള വെല്ലുവിളികളിൽ ഇന്ത്യയുടെ നിലപാട് ഉച്ചകോടിയിൽ പ്രധാനമന്ത്രി ലോകനേതാക്കളുമായി പങ്കുവയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നതായാണ് വിദേശകാര്യ മന്ത്രാലയം അറിയിച്ചത്.

അതേസമയം, ഖലിസ്ഥാൻ വിഷയത്തിൽ ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്രബന്ധം വഷളായതിന് ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ കാനഡ സന്ദർശനം കൂടിയാണ് ജി7 ഉച്ചകോടിയോടനുബന്ധിച്ച് നടക്കുന്നത്.

അതിനാൽ പരസ്പര ബന്ധം മെച്ചപ്പെടുത്തുന്നതിന് പ്രതീക്ഷയോടെയാണ് ഇരു രാജ്യങ്ങളും പ്രധാനമന്ത്രിയുടെ സന്ദർശനത്തെ കാണുന്നത്. കഴിഞ്ഞയിടെ കാനഡയിൽ അധികാരമേറ്റ മാർക്ക് കാർണി സർക്കാർ ഖലിസ്ഥാൻ വിഘടനവാദികളോട് മുൻ സർക്കാരിന്റെ അത്രയും ബന്ധം പുലർത്താത്തത് ഈ പ്രതീക്ഷ വർധിപ്പിക്കുന്നു.

കൂടാതെ ഇന്ത്യയുമായി മികച്ച ബന്ധം പുലർത്താൻ താൽപര്യമുണ്ടെന്ന് കാനഡയുടെ വിദേശകാര്യ മന്ത്രി ഒരു കനേഡിയൻ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലും വ്യക്തമാക്കിയിരുന്നു. ഈ വർഷം ഫെബ്രുവരിയിൽ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം ജി7 ഉച്ചകോടിയിലും മോദിയും ട്രംപും പരസ്പരം ചർച്ച നടത്തും.

മുൻ പ്രധാനമന്ത്രി എ. ബി. വാജ്പേയി 2002ൽ സൈപ്രസ് സന്ദർശിച്ചതിനുശേഷം ആദ്യമായായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഔദ്യോഗിക സന്ദർശനത്തിനായി ആ രാജ്യത്ത് എത്തുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ആഴത്തിലാക്കാനും മെഡിറ്ററേനിയൻ മേഖലയുമായും യൂറോപ്യൻ യൂണിയനുമായും ഇന്ത്യയുടെ ബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കുന്നതിനും പ്രധാനമന്ത്രിയുടെ സന്ദർശനംകൊണ്ട് സാധ്യമാകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സൈപ്രസ് പ്രസിഡൻറ് ക്രിസ്തോ ദൂലി ദെസുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. കൂടാതെ പ്രധാനമന്ത്രി ബിസിനസ് നേതാക്കളെ അഭിസംബോധന ചെയ്യുമെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

ഇന്നലെ സൈപ്രസിലെത്തിയ പ്രധാനമന്ത്രി ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ഇന്ന് കാനഡയിലെ ഒട്ടാവയിലേക്കു പുറപ്പെടും. തുടർന്ന് 18ന് അദ്ദേഹം ക്രൊയേഷ്യ സന്ദർശിക്കും. പ്രസിഡൻറ് സോറൻ മിലനോവിച്ചും പ്രധാനമന്ത്രി ആൻഡ്രെജ് പ്ലെൻകോവിച്ചുമായും കൂടിക്കാഴ്ച നടത്തുന്നുണ്ട്. 19ന് പ്രധാനമന്ത്രി ഇന്ത്യയിൽ തിരിച്ചെത്തും.

## ഉത്തരാഖണ്ഡിലെ അപകടം; കമ്പനിക്ക് ഗുരുതര വീഴ്ചയെന്ന് കണ്ടെത്തൽ; രണ്ട് പേർക്കെതിരേ കേസ്

ഡെറാഡൂൺ: ഉത്തരാഖണ്ഡിലെ അപകടത്തിൽ ഹെലികോപ്റ്റർ കമ്പനിക്ക് ഗുരുതര വീഴ്ചയുണ്ടായതായി കണ്ടെത്തൽ. ഹെലികോപ്റ്റർ പറക്കുന്നതിനായി നിശ്ചയിച്ചു നൽകിയ സമയത്തിന് 50 മിനിറ്റ് മുമ്പ് തന്നെ ഹെലികോപ്റ്റർ ടേക്ക് ഓഫ് ചെയ്തുവെന്ന വിവരമാണ് പുറത്തുവരുന്നത്.

കാലാവസ്ഥ പ്രതികൂലമാണെന്നറിഞ്ഞിട്ടും ഹെലികോപ്റ്റർ സർവീസ് നടത്തി. പ്രദേശത്ത് കാർമേഘവും മൂടൽമഞ്ഞും നിറഞ്ഞിരുന്നു. ഈ സമയത്ത് ടേക്ക് ഓഫ് ചെയ്തത് ഗുരുതര വീഴ്ചയാണെന്നാണ് കണ്ടെത്തൽ.

സംഭവത്തിൽ കമ്പനിയുടെ ഓപ്പറേഷണൽ മാനേജരടക്കം രണ്ടു പേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. മനഃപൂർവമല്ലാത്ത നരഹത്യയ്ക്കാണ് കേസെടുത്തത്.

ഉത്തരാഖണ്ഡ് ഹെലികോപ്റ്റർ അപകടത്തിൽ കൈക്കുഞ്ഞും പൈലറ്റും അടക്കം ഏഴുപേരാണ് മരിച്ചത്. ഗുപ്തകാശിയിൽ നിന്ന് കേദാർനാഥിലേക്ക് പോയ ആര്യൻ ഏവിയേഷന്റെ ഹെലികോപ്റ്ററാണ് അപകടത്തിൽപ്പെട്ടത്. ഗൗരികുണ്ഡിലെ കാട്ടിലാണ് ഹെലികോപ്റ്റർ തകർന്നു വീണത്. യാത്രക്കാരെ കയറ്റി പറന്നുയർന്ന ഹെലികോപ്റ്ററിന്റെ ദിശ, മോശം കാലാവസ്ഥയെ തുടർന്ന് തെറ്റുകയായിരുന്നു. അഹമ്മദാബാദ് വിമാന ദുരന്തം: നാലുപേരെ കാണാനില്ലെന്ന പരാതിയിൽ കേസെടുത്ത് പോലീസ്

## ഫിഫ ക്ലബ് ലോക കപ്പ്: പിഎസ്ജിക്ക് തകർപ്പൻ ജയം

കാലിഫോർണിയ: ഫിഫ ക്ലബ് ലോകകപ്പിലെ മത്സരത്തിൽ അത്ലറ്റിക്കോ മാഡ്രിഡിനെതിരെ പിഎസ്ജിക്ക് തകർപ്പൻ ജയം. ഞായറാഴ്ച നടന്ന മത്സരത്തിൽ എതിരില്ലാത്ത നാല് ഗോളുകൾക്കാണ് പിഎസ്ജി വിജയിച്ചത്. ഫാബിയാൻ റൂയിസും വിട്ടിന്യയും സെന്നി മയുലു ലീ കാംഗ് - ഇൻ എന്നിവരാണ് പിഎസ്ജിക്കായി ഗോളുകൾ നേടിയത്. റൂയിസ് 19-ാം മിനിറ്റിലും വിട്ടിന്യ 45+1ാം മിനിറ്റിലും മയുലു 87-ാം മിനിറ്റിലും ലീ കാംഗ് 90+7-ാം മിനിറ്റിലും ആണ് ഗോൾ നേടിയത്. വിജയത്തോടെ പിഎസ്ജിക്ക് മൂന്ന് പോയിൻറായി. ഗ്രൂപ്പ് ബിയിൽ ഒന്നാം സ്ഥാനത്ത് എത്താനും ഇതോടെ സാധിച്ചു.

## എം. ബി. എ സീറ്റ് ഒഴിവ്

നെയ്യാർഡാമിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മയിൽ) 2025-27 എം.ബി.എ. ബാച്ചിലേയ്ക്ക് എസ്.സി./എസ്.ടി/ഒ.ഇ.സി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ളതിൽ ഒഴിവു വന്ന ഏതാനും സീറ്റുകളിലേക്ക് ജൂൺ 18 ന് രാവിലെ 10 മുതൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് അസൽ രേഖകൾ സഹിതം കൂടികാഴ്ചയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8547618290 / 9188001600. sh-_v-ssk-äv: www.kicma.ac.in.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കാർ കനാലിൽ വീണ് യുവാവ് മരിച്ചു

ആലപ്പുഴ: പിറന്നാൾ ആഘോഷത്തിനു ശേഷം ഭക്ഷണം കഴിക്കാൻ പോകുന്നതിനിടെ കാർ കനാലിൽ വീണു യുവാവ് മരിച്ചു. ആലപ്പുഴ തത്തംപള്ളി വാർഡിൽ കുറ്റിച്ചിറ വീട്ടിൽ ബേബിച്ചന്റെയും പുഷ്പമ്മയുടെയും മകൻ ബിജോയ് ആൻറണി (32) ആണ് മരിച്ചത്. കൂടെയുണ്ടായിരുന്ന സുഹൃത്തുക്കളായ ജോജോ ലോനൻ, ടിജു തോമസ് എന്നിവർ നീന്തി രക്ഷപ്പെട്ടു.

പുന്നമട രാജീവ് ജെട്ടിക്കു സമീപത്തെ വളവിൽ ഞായറാഴ്ച പുലർച്ചെ ഒന്നരയോടെയായിരുന്നു അപകടം. പിറന്നാളാഘോഷം കഴിഞ്ഞു ഭക്ഷണം കഴിക്കാനായി സുഹൃത്തുക്കൾക്കൊപ്പം കാറിൽ കെഎസ്ആർടിസി സ്റ്റാൻഡിനു സമീപത്തേക്കു പോകുന്നതിനിടെയാണ് അപകടമുണ്ടായത്. ബിജോയിയാണ് കാർ ഓടിച്ചിരുന്നത്.

വളവു തിരിയുന്നതിനിടെ കാർ നിയന്ത്രണം വിട്ടു കനാലിൽ പതിച്ചതാകാമെന്നു പൊലീസ് പറഞ്ഞു.

സുഹൃത്തുക്കൾ കനാലിൽ വീണ കാറിന്റെ വാതിൽ തുറന്നു പുറത്തിറങ്ങി. ബിജോയിയെയും ഇവർ പുറത്തെത്തിച്ചു. എന്നാൽ നീന്തലറിയാത്ത ബിജോയിയെ കരയ്ക്കെത്തിക്കാനുള്ള ശ്രമത്തിനിടെ താഴ്ന്നു പോകുകയായിരുന്നു. പിന്നീട് സുഹൃത്തുക്കൾ നീന്തി കരയിലെത്തി നോർത്ത് പൊലീസിൽ വിവരമറിയിച്ചു. പോലീസ് അറിയിച്ചതിനെ തുടർന്ന് അഗ്നിരക്ഷാസേനയും ഉടൻ സ്ഥലത്തെത്തി. ഇരുപതടി താഴ്ചയുള്ള ഭാഗത്താണ് കാർ മുങ്ങിയത്. അഗ്നിരക്ഷാ സേനയാണ് മുങ്ങിപ്പോയ ബിജോയിയെ കണ്ടെത്തി കരയ്ക്കെത്തിച്ചത്. ഉടൻആലപ്പുഴ ജനറൽ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. രക്ഷാപ്രവർത്തനത്തിനായി മുങ്ങുന്നതിനിടെ നേതൃത്വം നൽകിയ അസിസ്റ്റൻറ് സ്റ്റേഷൻ ഓഫിസർ ജോജി. എൻ. ജോയിയുടെ കാലിൽ പൊട്ടിയ കുപ്പി കുത്തിക്കയറി ആഴത്തിൽ മുറിവേറ്റു. ഓഫിസർമാരായ ഹരീഷ്, ജിജോ, അനീഷ് കണ്ണൻ, ജോബിൻ വർഗീസ്, ഹാഷിം, അർജുൻ, ശശി അഭിലാഷ്, പുഷ്പരാജ്, കണ്ണൻ ഉദയകുമാർ എന്നിവരാണ് രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തത്. സഹോദരൻ ബിനോയ്. സംസ്കാരം ഇന്ന് വൈകുന്നേരം മൂന്നിന് തത്തംപള്ളി പള്ളി സെമിത്തേരിയിൽ നടക്കും

# അയൽവാസിയായ യുവതിയെ കൊന്നു കുഴിച്ചുമൂടി; പ്രതി പിടിയിൽ

വെള്ളറട: പനച്ചമൂട്ടിൽ കാണാതായ യുവതിയെ കൊന്നു കുഴിച്ചുമൂടിയ നിലയിൽ കണ്ടെത്തി. പനച്ചമൂട് പഞ്ചാകുഴി മാവുവിള വീട്ടിൽ പ്രിയംവദ (47) യെയാണ് തൊട്ടടുത്ത വീട്ടിൽ കൊന്നു കുഴിച്ചു മൂടിയ നിലയിൽ കണ്ടെത്തിയത്. സംഭവവുമായി ബന്ധപ്പെട്ട് അയൽവാസികളായ രണ്ടു പേരെയാണ് വെള്ളറട പോലീസ് കസ്റ്റഡിയിലെടുത്തത്. വർഷങ്ങൾക്കു മുൻപ് ഭർത്താവ് ബാലകൃഷ്ണനുമായി പിരിഞ്ഞു മക്കളുമായി താമസിച്ച് വരികയായിരുന്നു പ്രിയംവദ. ഇവരുടെ രണ്ടുപെൺമക്കൾ വിവാഹം കഴിഞ്ഞ് ഭർതൃവീടുകളിലാണ്. ജൂൺ 12 മുതൽ പ്രിയംവദയെ കാണാനില്ലായിരുന്നു. ഫോണിൽ വിളിച്ചിട്ടും കിട്ടാത്തതിനെത്തുടർന്നു മക്കൾ വെള്ളറട പോലീസിൽ പരാതി നൽകിയിരുന്നു. പോലീസ് അന്വേഷണം തുടരുന്നതിനിടയിലാണ് ഞായറാഴ്ച ഉച്ചയോടെയാണ് പ്രിയംവദയുടെ മൃതദേഹം കണ്ടെത്തിയത്. അയൽവാസിയായ വിനോദിന്റെ വീടിനകത്തുള്ള കട്ടിലിനടിയിൽ ചാക്കിൽ കെട്ടിയ നിലയിൽ എന്തോ കിടക്കുന്നതായി മക്കൾ കാണുകയും തൊട്ടടുത്ത് താമസിക്കുന്ന ബന്ധുവായ സരസ്വതിയെ വിവരമറിയിക്കുകയുമായിരുന്നു. സരസ്വതി ഈ വിവരം ആരാധനക്കായി പള്ളിയിലെത്തിയപ്പോൾ വികാരിയെ അറിയിച്ചു.

വികാരി അറിയിച്ചതു പ്രകാരം പോലീസ് സ്ഥലത്തെത്തിയ സമയത്ത് യുവാക്കൾ വീടിന്റെ അകം കഴുകി വൃത്തിയാക്കുകയായിരുന്നു. തുടർന്നു നടത്തിയ പരിശോധനയിലാണ് മൃതദേഹം ശുചിമുറിയിൽ കുഴിച്ചിട്ട നിലയിൽ കണ്ടെത്തിയത്. തുടർന്നാണ് സഹോദരങ്ങളായ സന്തോഷ് (42), വിനോദ് (46) എന്നിവരെ പോലീസ് കസ്റ്റഡിയിലെടുത്തത്. ചോദ്യം ചെയ്യലിൽ വിനോദ് കുറ്റംസമ്മതിച്ചതായി പോലീസ് പറഞ്ഞു. ഇക്കഴിഞ്ഞ 12നു രാവിലെ ഏഴിനും എട്ടിനും ഇടയിലാണു കൊല നടത്തിയതെന്നും ഞായറാഴ്ച മൃതദേഹം കുഴിച്ചിടുകയായിരുന്നുവെന്നും ഇയാൾ പോലീസിനോട് സമ്മതിച്ചതായാണ് വിവരം. ഇയാൾക്കൊപ്പം പോലീസ് കസ്റ്റഡിയിൽ എടുത്ത സന്തോഷിനു കൊലപാതകത്തിൽ പങ്കില്ലെന്നാണ് വിനോദ് പറയുന്നത്. കശുവണ്ടി ഫാക്ടറി തൊഴിലാളിയായ പ്രിയംവദയുമായി സാമ്പത്തിക ഇടപാടുണ്ടായിരുന്നതായും ഇതിന്റെ പേരിൽ തർക്കമുണ്ടായതായും വിനോദ് മൊഴി നൽകി. തർക്കത്തിനിടെ മർദിച്ചപ്പോൾ ബോധംകെട്ടു വീണ പ്രിയംവദയെ പിന്നീടു കഴുത്തുഞെരിച്ച് കൊലപ്പെടുത്തുകയായിരുന്നു. പ്രിയംവദയെ കാണാനില്ലെന്ന പരാതിയെത്തുടർന്ന് അന്വേഷണത്തിനായി വിനോദും നാട്ടുകാർക്കൊപ്പം ചേർന്നിരുന്നു. കസ്റ്റഡിയിലെടുത്ത പ്രതികളുമായി പോലീസ് തെളിവെടുപ്പ് നടത്തി. നെയ്യാറ്റിൻകര ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ പോലീസും വെള്ളറട സർക്കിൾ ഇൻസ്പക്ടർ പ്രസാദ്, ഫോറൻസിക് സംഘവും ചേർന്ന് മൃതദേഹം പുറത്തെടുത്തു.

## ആലപ്പുഴയിൽ പന്നിക്കെണിയിൽ നിന്ന് ഷോക്കേറ്റ് അപകടം; കർഷകൻ മരിച്ചു

ആലപ്പുഴ: ചാരുമൂട് താമരക്കുളത്ത് പന്നിക്കെണിയിൽ നിന്ന് ഷോക്കേറ്റ് കർഷകൻ മരിച്ചു. താമരക്കുളം സ്വദേശി ശിവൻകുട്ടി കെ. പിള്ള(63) ആണ് മരിച്ചത്.

ഇന്ന് രാവിലെ ഒമ്പതിനാണ് സംഭവം. മറ്റൊരു കൃഷിയിടത്തിലൂടെ സ്വന്തം സ്ഥലത്തേക്ക് പോകുമ്പോൾ ഇയാൾക്ക് പന്നിക്കെണിയിൽനിന്ന് ഷോക്കേൽക്കുകയായിരുന്നു. നാട്ടുകാർ ഉടനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## ആലപ്പുഴ എറണാകുളം തീരങ്ങളിൽ വാതക കണ്ടെയ്നർ അടിഞ്ഞു; തീപിടിച്ച വാൻ ഹയ് കപ്പലിലേതെന്ന് നിഗമനം

കൊച്ചി: ആലപ്പുഴയിലും എറണാകുളത്തും തീരത്ത് വാതക കണ്ടെയ്നർ അടിഞ്ഞു. കൊച്ചി തീരത്ത് തിപീടിച്ച സിംഗപ്പൂർ കപ്പൽ വാൻ ഹയിൽ നിന്ന് വീണ കണ്ടെയ്നറാണെന്നാണ് നിഗമനം.

അമ്പലപ്പുഴ നോർത്ത് പഞ്ചായത്തിലെ വളഞ്ഞവഴി–കാക്കാഴം തീരത്തും, എറണാകുളം ചെല്ലാനം തീരത്തുമാണ് കണ്ടെയ്നറുകൾ അടിഞ്ഞത്.

അമ്പലപ്പുഴയിൽ അടിഞ്ഞ വാതക കണ്ടെയ്നറിൽ 22കെഎക്സ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ടെയ്നർ തീരത്തടിഞ്ഞതോടെ വളഞ്ഞവഴി –കാക്കാഴം കടപ്പുറത്ത് നാട്ടുകാർ തടിച്ചുകൂടി. വിവരമറിഞ്ഞ് പോലീസും റവന്യു ഉദ്യോഗസ്ഥരും സ്ഥലത്തെത്തി. ടാങ്കർ കാലിയാണെന്ന് ദുരന്തനിവാരണ അഥോറിറ്റി അറിയിച്ചു.

നേരത്തെ ചരക്കുകപ്പലിൽനിന്നും ലൈഫ്ബോട്ടും ആലപ്പുഴ കടപ്പുറത്ത് അടിഞ്ഞിരുന്നു. ലൈഫ് ബോട്ട് തീരത്തിനു സമീപത്തെ മരത്തിൽ കെട്ടിയിട്ടിരിക്കുകയാണ്. ആലപ്പുഴയിലേക്ക് കൂടുതൽ കണ്ടെയ്നർ വരാൻ സാധ്യതയുണ്ടെന്ന് അറിയിപ്പ് ലഭിച്ചതായി ജില്ലാ കളക്ടർ അലക്സ് വർഗീസ് പറഞ്ഞു.

# കിഴക്കൻമല പദ്ധതി യാഥാർഥ്യമായി

ആര്യൻകോട്: കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 45 കോടി രൂപ അടങ്കലിൽ അനുവദിച്ച കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിൽ.

നെയ്യാറിലെ മൂന്നാറ്റുമുക്കിൽനിന്നു വെള്ളം പമ്പു ചെയ്ത് ആര്യൻകോട് പഞ്ചായത്തിലെ കിഴക്കൻമലയിൽ ജലശുദ്ധീകരണശാല നിർമിച്ച് സംഭരണികൾ വഴി ആര്യൻകോട് -പെരുങ്കടവിള പഞ്ചായത്തുകളിലെ വിവിധസ്ഥലങ്ങളിലേക്ക് എത്തിക്കുന്ന തരത്തിലാണ് പദ്ധതി തയാറാക്കിയിട്ടുള്ളത്. ശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും ഓവർഹെഡ് ടാങ്കുകൾ, ട്രാൻസ്മിഷൻ മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ, സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്.

ഇതിനു പുറമെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സംയുക്ത സമ്പൂർണ കുടിവെള്ള വിതരണ പദ്ധതിയായ 'ജലജീവൻ മിഷൻ' പദ്ധതിയുടെ ഭാഗമായി ഗാർഹിക കണക്ഷനുകൾ ലഭ്യമാകുന്ന നടപടികൾ പുരോഗമിച്ചുവരുന്നു ഇതിനായി എംഎൽഎ ഫണ്ടും സംസ്ഥാന സർക്കാർ ഫണ്ടും കേന്ദ്ര ഫണ്ടും സംയോജിപ്പിച്ച് വിനിയോഗിച്ചുവരുന്നു. മലയോര ഹൈവേ കടന്നുവരുന്ന പ്രദേശങ്ങളിൽ റോഡിനിരുവശവും പുതുതായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

## ചാലക്കുടി പെയിൻറ് കടയിലെ തീയണച്ചു

തൃശൂർ: ചാലക്കുടിയിലെ പെയിൻറ് ഹാർഡ്‌വെയർ കടയിലെ തീ നിയന്ത്രണവിധേയമാക്കി. ആറ് ഫയർഫോഴ്സ് യൂണിറ്റും നാട്ടുകാരും പോലീസും ചേർന്നുള്ള തീവ്രശ്രമത്തിനൊടുവിലാണ് തീ കെടുത്തിയത്.

ഇന്ന് രാവിലെ എട്ടരയോടെയാണ് തീപിടിത്തം ഉണ്ടായത്. കടയുടെ തൊട്ടടുത്ത് ഗ്യാസ് ഗോഡൗൺ ഉള്ളത് ആശങ്കയ്ക്ക് ഇടയാക്കിയിരുന്നു. നാട്ടുകാർ അടക്കം ചേർന്ന് സിലിണ്ടറുകൾ അതിവേഗം ഇവിടെനിന്ന് മാറ്റിയിരുന്നു.പെയിൻറ് ഉത്പന്നങ്ങൾ സൂക്ഷിച്ച കടയായതിനാൽ തീ അതിവേഗം പടരാനും കാരണമായി.

## കൊല്ലം മേയർക്കെതിരേ വധഭീഷണി മുഴക്കിയ സംഭവം; പ്രതി പിടിയിൽ

കൊല്ലം: കൊല്ലം മേയർ ഹണിബെഞ്ചമിനെതിരെ വധഭീഷണി മുഴക്കിയ സംഭവത്തിലെ പ്രതി പിടിയിൽ. തിരുവനന്തപുരം സ്വദേശി അനിൽ കുമാറാണ് പിടിയിലായത്. ഇയാളെ വിശദമായി ചോദ്യം ചെയ്ത് വരികയാണ്. ഇയാൾ നേരത്തെ മേയറുടെ വീടിന് സമീപത്ത് താമസിച്ചിരുന്നെന്ന് പോലീസ് പറഞ്ഞു. ഇയാളുടെ

പേരിൽ പല സ്റ്റേഷനുകളിലായി നിരവധി കേസുകൾ ഉണ്ടെന്ന് പോലീസ് പറഞ്ഞു.

കഴിഞ്ഞ ദിവസം അനിൽ കുമാർ മേയറുടെ വീടിന് സമീപത്ത് കത്തിയുമായി നടക്കുന്ന സിസിടിവി ദൃശ്യങ്ങൾ പോലീസിന് ലഭിച്ചിരുന്നു. സംഭവത്തിൽ മേയർ കമ്മീഷണർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പോലീസ് പിടികൂടിയിരിക്കുന്നത്.

# വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് കോടികൾ തട്ടിച്ച കേസ്; പ്രധാനി അറസ്റ്റിൽ

അഞ്ചൽ: ലണ്ടനിൽ ജോലി വാഗ്ദാനം ചെയ്തു പലരിൽ നിന്നുമായി കോടികൾ തട്ടിയെടുത്ത കേസിൽ പ്രധാനി അറസ്റ്റിൽ. കോതമംഗലം സ്വദേശി ബേബി വർക്കിയാണ് അഞ്ചൽ പോലീസിന്റെ പിടിയിലായത്. കേസിൽ സുവിശേഷ പ്രവർത്തകർ ഉൾപ്പടെ രണ്ടുപേർ മുമ്പ് പിടിയിലായിരുന്നു.

ഇംഗ്ലണ്ടിൽ നഴ്സിംഗ് ഉൾപ്പെടെ ലക്ഷങ്ങൾ ശമ്പളം ലഭിക്കുന്ന ജോലി തരപ്പെടുത്തി നൽകാമെന്ന വ്യാജേന 10 മുതൽ 25 ലക്ഷം രൂപവരെയാണ് ഇവർ ഒരാളിൽ നിന്നും ഈടാക്കി വന്നിരുന്നത്.

പിടിയിലായ ബേബിവർക്കിയുടെ ബാങ്ക് അക്കൗണ്ടിൽ മാത്രം മൂന്നരക്കോടിയോളം രൂപ ഇത്തരത്തിൽ എത്തിയതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്. അഞ്ചൽ പോലീസ് പരിധിയിൽ മാത്രം 27 ലക്ഷത്തോളം രൂപയാണ് ഇവർ തട്ടിയെടുത്തിട്ടുള്ളത്. ബേബി വർക്കി മാനേജിംഗ് ഡയറക്ടറായ ഗ്രേസ് ഇൻററനാഷണൽ എന്ന സ്ഥാപനത്തിന്റെ മറവിലായിരുന്നു കോടികളുടെ തട്ടിപ്പ്.

കേസിലെ ഒന്നാം പ്രതിയും ബേബി വർഗീസിന്റെ ബന്ധുവുമായ ഹെൻട്രി പൗലോസ് എന്നയാൾ വിദേശത്താണ്.

ഇയാളെ നാട്ടിലെത്തിക്കാനുള്ള നീക്കം പോലീസ് ആരംഭിച്ചിട്ടുണ്ട്. ബേബി വർക്കിയുടെ അറസ്റ്റ് രേഖപ്പെടുത്തിയ പോലീസ് അഞ്ചൽ സർക്കാർ ആശുപത്രിയിൽ എത്തിച്ചു വൈദ്യ പരിശോധന പൂർത്തിയാക്കിയ ശേഷം പുനലൂർ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

അഞ്ചൽ എസ്എച്ച്ഒ ഹരീഷ്, എസ്ഐ പ്രജീഷ്കുമാർ, ഗ്രേഡ് എസ്ഐ മധു, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ വിനോദ് കുമാർ, അൻസർ എന്നിവരടങ്ങുന്ന സംഘമാണ് കോതമംഗലത്ത് നിന്നും പ്രതിയെ പിടികൂടിയത്

## മണ്ണാർക്കാട് വീടിന്റെ ചുമരിടിഞ്ഞ് വീണ് അപകടം; വയോധിക മരിച്ചു

പാലക്കാട്: കനത്ത മഴയിൽ മണ്ണാർക്കാട് മണലടിയിൽ വീടിന്റെ ചുമരിടിഞ്ഞ് വീണ് വയോധിക മരിച്ചു. മണലടി ഉന്നതിയിലെ റാവുത്തർ വീട്ടിൽ പാത്തുമ്മബി (80) ആണ് മരിച്ചത്. ഇന്ന് രാവിലെ 10. 30 നാണ് അപകടം. ഭാഗികമായി പൊളിച്ചു പണിയുന്ന വീടിന്റെ ശുചിമുറിയുടെ ഭാഗം അടർന്നുവീഴുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ ഇവരെ ഉടനെ മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## ലാബ് ടെക്നീഷ്യൻ

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കുന്നതിന് 30ന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക് : www.rcctvm.gov.in.

## ശബരിമല സന്നിധാനത്തും പമ്പയിലും കനത്ത മഴ; പമ്പാ സ്നാനത്തിന് താത്കാലിക നിയന്ത്രണം

പമ്പ: ശബരിമല സന്നിധാനത്തും പമ്പയിലും അതിശക്തമായ മഴ. പമ്പാനദിയിലെ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഭക്തർ പമ്പാ ത്രിവേണിയിൽ കുളിക്കുന്നതിനും നദിയിൽ ഇറങ്ങുന്നതിനും ജില്ലാ കളക്ടർ താൽക്കാലിക നിരോധനം ഏർപ്പെടുത്തി.

പമ്പ ത്രിവേണിയിലെ വാഹന പാർക്കിംഗിനും താത്കാലിക നിയന്ത്രണമുണ്ട്. പമ്പാ- സന്നിധാനം പാതയിൽ ശക്തമായ മഴ പെയ്യുന്നതിനാൽ മലകയറുമ്പോൾ ഭക്തർ ജാഗ്രത പുലർത്തണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു.

# വിമാനദുരന്തം: വിജയ് രൂപാണിയുടേതടക്കം 47 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു

അഹമ്മദാബാദ്: എയർ ഇന്ത്യ വിമാനം തകർന്നുവീണുണ്ടായ അപകടത്തിൽ മരിച്ച 47 പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടേത് ഉൾപ്പെടെയുള്ളവരുടെ മൃതദേഹങ്ങളാണ് ഡിഎൻഎ പരിശോധനയിലൂടെ തിരിച്ചറിഞ്ഞത്. 24 മൃതദേഹങ്ങൾ ബന്ധുക്കൾക്കു വിട്ടുനല്കി. തിരിച്ചറിഞ്ഞതിലേറെയും ഗുജറാത്ത്, രാജസ്ഥാൻ സ്വദേശികളുടേതാണ്. ഇന്നലെ ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ രൂപാണിയുടെ ബന്ധുക്കളെ സന്ദർശിച്ച് ഡിഎൻഎ പരിശോധനാ ഫലം അറിയിക്കുകയായിരുന്നു. രൂപാണിയോടുള്ള ആദരസൂചകമായി ഇന്നു ഗുജറാത്തിൽ ദുഃഖാചരണം നടത്തും. ഇന്നു വൈകുന്നേരം രൂപാണിയുടെ മൃതദേഹം രാജ്കോട്ടിൽ സംസ്കരിക്കും.

മരിച്ചവരുടെ കുടുംബാംഗങ്ങളുയുമായുള്ള ഏകോപനത്തിന് 230 അംഗ സംഘത്തെയാണു നിയോഗിച്ചിരിക്കുന്നത്. വ്യാഴാഴ്ചയാണ് ലണ്ടനിലേക്കു പുറപ്പെട്ട എയർ ഇന്ത്യ വിമാനം അഹമ്മദാബാദ് വിമാനത്താവളത്തിനു സമീപം തകർന്നു വീണ് 241 യാത്രക്കാർ മരിച്ചത്. വിമാനം പതിച്ച് അഞ്ച് എംബിബിഎസ് വിദ്യാർഥികളക്കം 29 മറ്റ് ആളുകളും മരിച്ചിരുന്നു.

ഇതുവരെ 270 മൃതദേഹങ്ങൾ അഹമ്മദാബാദ് സിവിൽ ആശുപത്രിയിലെത്തിച്ചെന്ന് ബിജെ മെഡിക്കൽ കോളജ് ജൂണിയർ ഡോക്ടേഴ്സ് അസോസിയേഷൻ പ്രസിഡൻറ് ഡോ. ധവൽ ഗമേതി പറഞ്ഞു. അപകടത്തിൽ പരിക്കേറ്റ 51 പേരിൽ 38 പേർ ആശുപത്രി വിട്ടു. 13 പേരാണു ചികിത്സയിലുള്ളത്. മരിച്ചവരിൽ മൂന്നു പേരുടെ കുടുംബാംഗങ്ങൾ മാത്രമാണ് ഡിഎൻഎ സാംപിൾ നല്കാനെത്താത്തത്. വിമാനദുരന്തത്തിന്റെ കാരണം സംബന്ധിച്ച് എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എഎഐബി)യുടെ നേതൃത്വത്തിൽ വിവിധ ഏജൻസികൾ അന്വേഷണം ഊർജിതമാക്കി. എഎഐബി സംഘം മൂന്നു ദിവസമായി അപകടസ്ഥലത്തുണ്ട്. വിവിധ കേന്ദ്ര, സംസ്ഥാന ഏജൻസികൾ അന്വേഷണത്തിൽ സഹകരിക്കുന്നു. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. മിശ്ര ഇന്നലെ അപകടസ്ഥലവും സിവിൽ ആശുപത്രിയും സന്ദർശിച്ചു. പരിക്കേറ്റു ചികിത്സയിലുള്ളവരെ മിശ്ര സന്ദർശിച്ചു.

## വിമാനദുരന്തത്തിൽ വ്യോമയാന മന്ത്രാലയം; അപകടം 36–ാം സെക്കൻഡിൽ

ന്യൂഡൽഹി: അഹമ്മദാബാദിൽ അപകടത്തിൽപ്പെട്ട എയർ ഇന്ത്യ വിമാനം പറന്നുയർന്ന് 36–ാം സെക്കൻഡിൽ തകർന്നുവീഴുകയായിരുന്നുവെന്ന് വ്യോമയാന മന്ത്രാലയം. എയർ ട്രാഫിക് കൺട്രോളിലേക്ക് അവസാനസന്ദേശം എത്തുന്നത് അപകടം നടന്ന വ്യാഴാഴ്ച ഉച്ചയ്ക്ക് 1.39 നാണെന്നും മന്ത്രാലയം സെക്രട്ടറി എസ്. കെ. സിൻഹ പറഞ്ഞു. 20 മിനിറ്റിനുശേഷം, ഉച്ചകഴിഞ്ഞു രണ്ടോടെയാണ് അപകടവിവരം അധികൃതർ സ്ഥിരീകരിക്കുന്നത്. 650 അടിക്കു മുകളിലേക്കു പറക്കാൻ കഴിയാതെ വന്നതോടെ പൈലറ്റ് അപായസന്ദേശം അയച്ചു.

“മെയ്ദേ, മെയ്ദേ” എന്നായിരുന്നു ക്യാപ്റ്റൻ സുമിത് അഗർവാളിന്റെയും സംഘത്തിന്റെയും അവസാന വാക്കുകൾ. അപകടസ്ഥലത്ത് ഉണ്ടായിരുന്നവരടക്കം 274 പേരുടെ മരണം സ്ഥിരീകരിച്ചു. 15 വർഷത്തിനിടെ രാജ്യം കണ്ട ഏറ്റവും വലിയ വ്യോമദുരന്തമാണിത്. 2010ൽ മംഗളൂരു വിമാനത്താവളത്തിൽ വിമാനം റൺവേയിൽനിന്ന് താഴേക്കു പതിച്ച് 158 പേരാണു മരിച്ചതെന്നു വ്യോമയാനമന്ത്രാലയം സെക്രട്ടറി പറഞ്ഞു. അഹമ്മദാബാദ് വിമാനത്താവളത്തിൽനിന്ന് ഉച്ചയ്ക്ക് 1.39 നാണു വിമാനം പറന്നുയർന്നത്. 650 അടി ഉയരത്തിലെത്തിയശേഷം അപകടത്തിൽപ്പെടുകയായിരുന്നു.

വിമാനത്താവളത്തിൽനിന്ന് രണ്ടു കിലോമീറ്റർ അകലെയുള്ള മേധാനിനഗറിലാണു തകർന്നുവീണത്. രണ്ട് എൻജിനുകളും പരാജയപ്പെട്ടതോ പക്ഷി ഇടിച്ചതോ ആകാം അപകടകാരണമെന്നാണ് ഇതുവരെ ലഭ്യമായ ദൃശ്യങ്ങൾ വിശകലനം ചെയ്ത് വിദഗ്ധർ പറയുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു. തകർന്നുവീണ സ്ഥലത്തുനിന്ന് വിമാനത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി നൂറിലധികം തൊഴിലാളികളും 40 എൻജിനിയർമാരുമാണ് നിയോഗിക്കപ്പെട്ടിരിക്കുന്നത്.

## ഓട്ടോറിക്ഷയും ബൈക്കും കൂട്ടിയിടിച്ച് അപകടം; ഒരുവയസുകാരൻ മരിച്ചു

തിരുവനന്തപുരം: ബൈക്ക് ഇടിച്ചുകയറി ഓട്ടോറിക്ഷ മറിഞ്ഞുണ്ടായ അപകടത്തിൽ ഒരുവയസുകാരൻ മരിച്ചു. വിതുര ജുമാമസ്ജിദിന് സമീപം ഷിജാദ് മൻസിലിൽ ഷിജാദ്, നൗഷിമ ദമ്പതിമാരുടെ മകൻ ആബിദ് മിൻഹാൻ ആണ് മരിച്ചത്. അപകടത്തിൽ നൗഷിമയുടെ കാലിനും തോളിനും പരിക്കേറ്റിട്ടുണ്ട്. ഇവരെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നെടുമങ്ങാട്–പൊന്മുടി റോഡിൽ മല്ലമ്പ്രക്കോണത്തുവച്ചായിരുന്നു അപകടം. വിതുരയിൽ നിന്നും ഷിജാദും ഭാര്യയും മൂന്നു മക്കളുമായി ഓട്ടോയിൽ നെടുമങ്ങാട് ഭാഗത്തേയ്ക്ക് വരികയായിരുന്നു. നെടുമങ്ങാട് നിന്നു വിതുര ഭാഗത്തേക്കു പോവുകയായിരുന്ന മെഡിക്കൽ കോളജിലെ ഹൗസ് സർജനും പിജി വിദ്യാർഥിയും സഞ്ചരിച്ചിരുന്ന ബുള്ളറ്റ് മറ്റൊരു വാഹനത്തെ ഓവർടേക്ക് ചെയ്യുന്നതിനിടെ ഓട്ടോയിൽ ഇടിച്ച് അപകടം ഉണ്ടായത്.

ഇടിയുടെ ആഘാതത്തിൽ അമ്മയുടെ കൈയിലിരുന്ന കുട്ടി റോഡിലേക്ക് തെറിച്ചു വീഴുകയായിരുന്നു. ഉടൻ തന്നെ ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## ഓടിക്കൊണ്ടിരിക്കുന്ന കെഎസ്ആർടിസി ബസിന്റെ ചില്ല് തകർത്ത് യുവാവ് പുറത്തേക്ക് ചാടി

വയനാട്ട്: ഓടിക്കൊണ്ടിരിക്കുന്ന കെഎസ്ആർടിസി ബസിന്റെ മുൻവശത്തെ ചില്ല് തകർത്ത് ഇതര സംസ്ഥാന തൊഴിലാളിയായ യുവാവ് പുറത്തേക്ക് ചാടി. ജാർഖണ്ഡ് സ്വദേശി മനോജ് കിഷൻ (28) ആണ് ബസിൽനിന്നും ചാടിയത്.

തല കൊണ്ട് ചില്ല് ഇടിച്ച് പൊളിച്ചാണ് ഇയാൾ താഴേക്ക് ചാടിയത്. തലയ്ക്ക് ഗുരുതര പരിക്കേറ്റ മനോജിനെ മാനന്തവാടി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചശേഷം വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് മാറ്റി.

കോഴിക്കോട് നിന്നും മാനന്തവാടിക്ക് വരികയായിരുന്ന കോഴിക്കോട് ഡിപ്പോയിലെ എടിസി 25 ബസിൽവച്ചായിരുന്നു സംഭവം. സുഹൃത്തുക്കളോടൊപ്പം കോഴിക്കോട്ടുനിന്നും ബസിൽ കയറിയ മനോജ് ചുണ്ടേൽ മുതൽ ബസിനുള്ളിൽ അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നതായി ബസ് ജീവനക്കാർ അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

2025–27 വർഷത്തെ ദ്വിവത്സര നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ജൂലൈ 1 ന് വൈകിട്ട് 5 മണിവരെ അപേക്ഷ സ്വീകരിക്കും.